# ഹിന്ദുനിയമ പരിഷ്കാരം

ഒരു ലഘുവിവരണം

349.54

പബ്ളിക്കേഷൻസ് ഡിവിഷൻ

# ഹിന്ദുനിയമ പരിഷ്കാരം

— ഒരു ലഘുവിവരണം —

പി. ഗോവിന്ദപ്പിള്ള

13316

PC Library & Research Center

പബ്ലിക്കേഷൻസ് ഡിവിഷൻ
വാർത്താവിതരണ-പ്രക്ഷേപണവകുപ്പ്
ഭാരത ഗവർമ്മെൻറ്

മെയ് 1971 (ജ്യേഷ്ഠ 1893)

May 1971 (Jyaistha 1893)

349.54

**Hindu Law Reform—an Introduction**

(*Malayalam*)

വില 1 രൂ. 15 പൈസ

പ്രസാധകൻ : ഡയറക്ടർ, പബ്ലിക്കേഷൻസ് ഡിവിഷൻ
വാർത്താവിതരണ–പ്രക്ഷേപണവകുപ്പ്
പാട്യാലാ ഹൗസ്, ന്യൂഡൽഹി–1

അച്ചടി: തോംപ്സൺ ആൻഡ് കോ
ബ്രോഡ്‌വേ, മദിരാശി–1

# ഉള്ളടക്കം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | ആമുഖം ... ... ... | 5 |
| 2. | വിവാഹം സംബന്ധിച്ച നിയമം ... | 16 |
| 3. | പിന്തുടർച്ചാവകാശ നിയമം ... | 30 |
| 4. | പ്രായപൂർത്തിയാകാത്തവരും രക്ഷാകർത്തൃത്വവും | 45 |
| 5. | ദത്തെടുക്കലും സംരക്ഷണവും ... | 47 |
| 6. | ഉപസംഹാരം ... ... | 58 |

അദ്ധ്യായം 1

# ആമുഖം

ഭാരതം സ്വാതന്ത്ര്യം നേടിയതിനെത്തുടൎന്ന് ഹിന്ദുനിയമ പരിഷ്കാരത്തിനു് ഗതിവേഗം വൎദ്ധിച്ചു. 'ശാസ്ത്രങ്ങളിലും' മററു ഗ്രന്ഥങ്ങളിലും അടങ്ങിയിരുന്നതും, ഒന്നരനൂററാണ്ടോളമായി കോടതികൾ വ്യാഖ്യാനിച്ചുപോന്നതുമായ, പ്രാചീന നിയമ വ്യവസ്ഥകൾക്കു്, സമൂലമായ മാററങ്ങൾ വരുത്തണമെന്നു്, പ്രബുദ്ധരായ ജനങ്ങൾ വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ ബ്രിട്ടീഷ് ഗവൺമെൻറു്, ചില വൈരുദ്ധ്യങ്ങളും നീതികരിക്കാൻ വയ്യാത്ത അവശതകളും നീക്കുന്നതിനു്, ഹിന്ദുനിയമത്തിൽ അങ്ങിങ്ങായി ഏതാനും ഭേദഗതികൾ വരുത്തിയതല്ലാതെ, അതു പരിഷ്കരിക്കുവാൻ കാര്യമായി യാതൊന്നും ചെയ്തില്ല. സാമൂഹ്യചിന്താഗതിയിലുണ്ടായ മാററങ്ങൾക്കനുസരിച്ച് ഹിന്ദുനിയമത്തെ മൗലികമായി വ്യത്യാസപ്പെടുത്തുവാൻ അവർ തുനിഞ്ഞിരുന്നില്ല.

യുഗങ്ങളായി, ക്രമമായി പരിണാമം പ്രാപിച്ചുകൊണ്ടിരുന്ന ഹിന്ദുനിയമം, അങ്ങിനെ, ബ്രിട്ടീഷ് ഭരണകാലത്തു് മാററമില്ലാതെ നിശ്ചലമായിത്തീൎന്നു. മുൻപ്രധാനമന്ത്രി ജവാഹർലാൽ നെഹ്രുവിൻെറ വാക്കുകളിൽ, "ഹിന്ദുനിയമം ഒരു കാലത്തും അയവില്ലാത്തതായിരുന്നിട്ടില്ല; അതു് ചലനാത്മകമായിരുന്നു; ഈ ചലനാത്മകതയായിരുന്നു അതിൻെറ ശക്തി. ഔദ്യോഗിക നിയമപുസ്തകത്തിൽ രേഖപ്പെടുത്തിയതും ഇഷ്ടംപോലെ മാററാവുന്നതുമായ നിയമമല്ലായിരുന്നു അതു്. പലതരം ആചാരങ്ങൾ വളൎന്നുവരാൻ അതു് പ്രോത്സാഹനം നല്കി. വളൎന്നുവന്ന ആചാരങ്ങളെ അംഗീകരിക്കുകയും ചെയ്തു. ഇക്കാലത്തുപോലും ഭാരതത്തിൽ, ഹിന്ദുനിയമത്തിൻെറ പല വകഭേദങ്ങൾ കാണാവുന്ന

താണ്‌ . . . . പഴയകാലത്തു് ഹിന്ദുനിയമത്തിന്റെ അവശ്യ സ്വഭാവം അതിന്റെ ചലനാത്മകതയായിരുന്നു. നിയമ നിർമ്മാണമോ രാജശാസനമോ അനുസരിച്ചല്ല അതിൽ മാററങ്ങളുണ്ടായതു്. മാറ്റങ്ങൾ ക്രമേണ കടന്നുവരാൻ അനുവദിക്കുകയാണുണ്ടായതു്.''* ബ്രിട്ടീഷ്ഭരണകാലത്തു് ഹിന്ദുനിയമത്തിനു്, ആദ്യകാലത്തുണ്ടായിരുന്ന ചലനാത്മകത നഷ്ടപ്പെട്ടു. അതു നിശ്ചലമായി; എന്നാൽ ഹിന്ദുസമുദായമാകട്ടെ, മദ്ധ്യശതകങ്ങളിലെ അതിന്റെ സ്വഭാവവും മൂല്യങ്ങളും കൈവെടിഞ്ഞു്, വ്യക്തിസ്വാതന്ത്ര്യത്തിന്റെയും പുരോഗതിയുടേയും യുഗത്തിൽ പ്രവേശിച്ചു. അതുകൊണ്ടു്, സ്വാതന്ത്ര്യപ്രാപ്തിയോടുകൂടി പുതിയ ഗവണ്മെൻറ്, ഹിന്ദുനിയമ പരിഷ്കരണത്തിനു് മുൻഗണന നല്കി. ചില പ്രധാന പരിഷ്കാരങ്ങൾ നടപ്പാക്കുകയും, ഹിന്ദുനിയമം, കിഴയുന്നത്ര, ഇന്നത്തെ സമുദായത്തിന്റെ ആവശ്യങ്ങൾക്കു് അനുരൂപമാക്കുകയും ചെയ്തിട്ടുണ്ടു്.

## ഹിന്ദുനിയമവും അതിന്റെ വ്യാപ്തിയും

പിന്തുടച്ച്ാവകാശം, പൂർവ്വസ്വത്തവകാശം, വിവാഹം, മതപരമായ നടപടിക്രമം, മതസ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ, ഭാരതത്തിലെ എല്ലാ ഹിന്ദുക്കൾക്കും, അവരുടെ വ്യക്തിപരമായ നിയമം (Personal Law) എന്ന നിലയ്ക്കു് ബാധകമായി. കോടതികൾ പരിഗണിച്ചുപോന്ന നിയമങ്ങളും ചട്ടങ്ങളും ആചാരങ്ങളും ചേർന്നതാണു് ഹിന്ദുനിയമം. ദത്തെടുക്കൽ, രക്ഷാകർത്തൃത്വം, വാസ്സ, ദാനം, ഭാഗംവയ്ക്കൽ, പ്രായപൂർത്തിയാകാത്തവരുടെയും കുട്ടികളുടേയും സൂക്ഷിപ്പും സംരക്ഷണവും മുതലായ കാര്യങ്ങളിലും, ഈ നിയമമാണു് ഹിന്ദുക്കൾക്കു് ബാധകമാകുന്നതു്. ഹിന്ദുനിയമം, ഇടയ്ക്കിടയ്ക്കു്, നിയമനിർമ്മാണംവഴി വ്യത്യാസപ്പെടുത്തിയിട്ടുണ്ടെങ്കിലും, അതിന്റെ പരിണാമത്തിൽ പ്രധാന പങ്കു വഹിച്ചിട്ടുള്ളതു്, മുൻവഴക്കങ്ങളും കോടതിവിധികളുമാണു്.

'ഹിന്ദു' എന്നു പറയുന്നതു് ജന്മംകൊണ്ടോ മതാനുഷ്ഠാനംകൊണ്ടോ ഹിന്ദുക്കളായിരിക്കുന്ന എല്ലാവരെയും ഉദ്ദേശിച്ചാണു്

---

*ഹിന്ദുവിവാഹ ബില്ലിനെക്കുറിച്ചു് 1955 മെയ് 5-ാംനു ലോകസഭയിൽ ചെയ്ത പ്രസംഗം.

മതപരിവർത്തനം ചെയ്ത ഹിന്ദുക്കളായവരും, ഹിന്ദുമതത്തിലേക്ക മടങ്ങിവന്നവരും ഇതിലുൾപ്പെടുന്നു. നിയമദൃഷ്ടിയിൽ ഒരാൾ ഹിന്ദുവായി പരിഗണിക്കപ്പെടുന്നതിന്ന്, അയാൾ ഹിന്ദുമതത്തിൻെറ പരമ്പരാഗതമായ വിശ്വാസം സ്വീകരിക്കണമെന്നോ ഏതെങ്കിലും പ്രത്യേക തത്ത്വത്തിൽ വിശ്വസിക്കണമെന്നോ നിർബന്ധമില്ല. വിവാഹബന്ധത്തിൽ നിന്നല്ലാതെ ക്രമവിരുദ്ധമായി ജനിക്കുന്ന കുട്ടികൾക്കും ഈ നിയമം ബാധകമാണ്. മാതാപിതാക്കൾ ഹിന്ദുക്കളായിരിക്കുകയോ കുട്ടി ഹിന്ദുവായി വളൎന്നുവരികയോ ചെയ്താൽ മതി. ബുദ്ധമതക്കാർ, ജൈനർ, സിക്കുകാർ, ബ്രഹ്മസമാജക്കാർ, ആര്യസമാജക്കാർ എന്നിവരും, ഹിന്ദുമതത്തിൻെറ ഏതെങ്കിലും വകഭേദത്തിൽപെടുന്ന ഏതൊരാളും—വീരശൈവം, ലിംഗായത്, നമ്പൂതിരി എന്നിവയുൾപ്പടെ— ഈ നിയമത്തിൻെറ പരിധിയിൽപെടും. ഹിന്ദുവായി ജനിക്കുകയോ വളൎന്നുവരികയോ ചെയ്ത ഒരാൾ, പരമ്പരാഗതമായ ആഹാരരീതിയും കർമ്മാനുഷ്ഠാനങ്ങളും ലംഘിക്കുകയോ, ജാതിവ്യവസ്ഥയേയോ ഈശ്വരനേയോ അപലപിക്കുകയോ ചെയ്തതുകൊണ്ടു മാത്രം ഈ നിയമത്തിൽനിന്നു് ഒഴിവാക്കപ്പെടുന്നില്ല.

## ഹിന്ദുനിയമവും ബ്രിട്ടീഷ് ഭരണവും

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഭരണാധികാരം ഏറെറടുത്ത്, നീതിനിർവ്വഹണത്തിന്ന് ഉത്തരവാദികളായിത്തീൎന്നപ്പോൾ, വളരെക്കാലമായി ഇന്ത്യയിലെ ഹിന്ദുക്കൾ, 'ശാസ്ത്രങ്ങളിലും', മുസ്ലീങ്ങൾ, 'കൊറാനിലും', അധിഷ്ഠിതമായ നിയമങ്ങൾ അനുവൎത്തിച്ചുപോരുന്നതായി അവർ കണ്ടു. ഇംഗ്ലീഷുകാരുടെ നിയമം, ഇന്ത്യയിലെ ജനങ്ങളുടെമേൽ വകതിരിവില്ലാതെ പ്രയോഗിച്ചാൽ സാമൂഹ്യവും സാമ്പത്തികവുമായ ജീവിതം തകരാറിലാകുമെന്നു് അവർ മനസ്സിലാക്കി. 1781-ൽ, ഉൾനാടുകളിൽ നീതിനിർവ്വഹണ വ്യവസ്ഥ സംഘടിപ്പിച്ചപ്പോൾ വാറൻ ഹേസ്റ്റിംഗ്സ് എടുത്ത തീരുമാനം ഇതായിരുന്നു: പൂർവ്വസ്വത്തവകാശം, വിവാഹം, ജാതി, മതപരമായ നടപടികൾ, മതസ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുസ്ലീങ്ങൾക്കു് 'കൊറാനി'ലെയും ഹിന്ദുക്കൾക്കു് 'ശാസ്ത്ര'ങ്ങളിലെയും നിയമങ്ങൾ ബാധകമായിരിക്കണം. 1781-ലെ കൽക്കട്ടാ റൂൾ എന്നറിയപ്പെട്ടിരുന്ന ഈ ഉത്തരവ്

1802-ാമാണ്ടിൽ മദ്രാസിലും 1827-ൽ ബോംബെയിലും പ്രാബല്യത്തിൽ വന്നു. ഇപ്രകാരം, ജനങ്ങളുടെ വ്യക്തിപരമായ നിയമങ്ങൾ മുൻപത്തെപ്പോലെതന്നെ നിലനിറുത്തുകയെന്നതായിരുന്നു ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സുനിശ്ചിതമായ നയം. എന്നാൽ, കോടതികൾ, ശാസ്ത്രങ്ങളിലെ തത്ത്വങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ കേസുകൾ വ്യവഹാരം ചെയ്ത് വിധി കല്പിച്ചപ്പോൾ ആ വിധികൾക്ക് നിയമപ്രാബല്യം ലഭിച്ചു. ഈ വിധികൾ, പലപ്പോഴും പ്രാചീന മതഗ്രന്ഥങ്ങളിലെ പ്രമാണങ്ങളിൽ നിന്നു വ്യത്യസ്തമായിരുന്നു. അപ്പോൾ, ഹിന്ദുനിയമത്തിൻെറ നല്ലൊരു ഭാഗം, ആചാരങ്ങളെയും മുൻപതിവുകളെയും അടിസ്ഥാനമാക്കിയുള്ള കോടതി വിധികളാണെന്നു പറയാം. വ്യക്തിപരമായ നിയമം ക്രമപ്പെടുത്താൻ മുൻകാലങ്ങളിൽ നടന്ന ശ്രമങ്ങളെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ പരാജയപ്പെടുകയാണുണ്ടായത്. ബഹുജനപിന്തുണ ലഭിക്കുമെന്ന് വ്യക്തമായ ഉറപ്പുലഭിക്കാതെ, ഒരു വിദേശ ഗവണ്മെൻറ്, ലക്ഷക്കണക്കിനു ജനങ്ങളെ ബാധിക്കുന്ന നിയമനിർമ്മാണം നടത്തുന്നത് ആപല്ക്കരമായ ഒരു പരീക്ഷണമായിരിക്കുമെന്ന് ബ്രിട്ടീഷുകാർക്ക തോന്നി. മതപരമായ കാര്യങ്ങളിൽ ഇടപെടാതിരിക്കുക എന്ന തങ്ങളുടെ നയം ന്യായപൂർവ്വമായിരുന്നുവെന്ന്, 1857ലെ ഇന്ത്യൻ വിപ്ലവത്തിനുശേഷം ബ്രിട്ടീഷ് ഗവണ്മെൻറ് അഭിമാനിക്കുകയുണ്ടായി.

കോടതികൾ കൈകാര്യം ചെയ്ത, ക്രമപ്പെടുത്താത്ത ഹിന്ദു നിയമം ഒട്ടേറെ അനിശ്ചിതത്വത്തിനും കുഴപ്പത്തിനും കാരണമായി. ഹിന്ദുക്കളെ സംബന്ധിച്ച നിയമം അവരുടെ മതഗ്രന്ഥങ്ങളിൽനിന്നു നിർണ്ണയിക്കാമെന്നുള്ള മുൻധാരണ, തെററാണെന്ന് താമസിയാതെ വെളിപ്പെട്ടു. പല സംഗതികളിലും, നിലവിലുള്ള നാട്ടുനടപ്പും ആചാരങ്ങളും, ഗ്രന്ഥങ്ങളിൽ പറയുന്ന ചട്ടങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്നു വ്യക്തമായി. വിവിധ ജാതികളിലും, സമുദായങ്ങളിലും വിഭിന്നങ്ങളായ ആചാരങ്ങളാണു അനുവർത്തിക്കപ്പെട്ടിരുന്നത്. വിവിധ ജില്ലകളിലും, വിവിധ കുടുംബങ്ങളിൽ തന്നെയും നടപ്പിലിരുന്ന ആചാരങ്ങൾ വിഭിന്നങ്ങളായിരുന്നു. നിയമങ്ങൾക്ക് ഐകരൂപ്യമില്ലാതിരുന്നതിനാൽ വളരെയധികം അനിശ്ചിതത്വമുളവായി. ഒരു പ്രവിശ്യയിൽ പ്രാബ

ല്യത്തിലിരുന്ന ശാസ്ത്രപ്രമാണങ്ങൾ മറെറാരു പ്രവിശ്യയിലെ ഹിന്ദുക്കൾക്കിടയിൽ പ്രായോഗികമല്ലെന്നു വന്നു. വലിയ ജന വിഭാഗങ്ങൾ സ്വീകരിച്ചുപോന്ന മിതാക്ഷരസമ്പ്രദായത്തിനു തന്നെ നാലു വകഭേദങ്ങൾ ഉണ്ടായിരുന്നു: ഓരോ വകഭേദ ത്തിലും, പൂർവ്വസ്വത്തവകാശം, പിന്തുടച്ചാവകാശം, ദത്തെടുക്കൽ എന്നിവയ്ക്കു വ്യത്യസ്തങ്ങളായ നിയമങ്ങളുണ്ടായിരുന്നു. ബംഗാ ളിൽ പൊതുവെ പ്രചാരത്തിലിരുന്ന ദായഭാഗസമ്പ്രദായത്തിൽ, പൂർവ്വസ്വത്തിൻെറ പിന്തുടച്ചാവകാശം നിർണ്ണയിച്ചിരുന്ന തത്ത്വ ങ്ങൾ വ്യത്യസ്തമായിരുന്നു. ശേഷക്രിയയോടനുബന്ധിച്ച കർമ്മ ങ്ങളായിരുന്നു അവയുടെ അടിസ്ഥാനം. ഇപ്രകാരമുള്ള നിയമ ങ്ങൾ വളരെ അവ്യക്തമായിരുന്നതുകൊണ്ട്, ഹിന്ദുനിയമം സംബന്ധിച്ച കേസുകൾ വിധിക്കുമ്പോൾ, മുൻപതിവിനേയോ സ്വന്ത വിവേചനത്തേയോ അവലംബിക്കുകയായിരുന്നു, കോടതി കൾ ചെയ്തിരുന്നതു്. തൻനിമിത്തം കുഴപ്പം വർദ്ധിക്കുകയാണു ണ്ടായതു്.

## പരിഷ്കാരത്തിൻെറ ആവശ്യം

വികസിച്ചുകൊണ്ടിരിക്കുന്ന ഒരു നീതിന്യായ വ്യവസ്ഥ ഇ ല്ലാത്ത ഏതു നിയമസമ്പ്രദായത്തിലും ഇത്തരം തകരാറുകളുണ്ടാ കും. ഇതിനുപുറമെ, ഹിന്ദുനിയമം മൗലികമായി പരിഷ്കരിക്കു ന്നതിനു മറെറാരു പ്രബലമായ കാരണംകൂടി ഉണ്ടായിരുന്നു. ശാസ്ത്രങ്ങളിലും, മനു, യാജ്ഞവല്ക്യൻ തുടങ്ങിയ വ്യാഖ്യാതാക്ക ളുടെ പ്രമാണങ്ങളിലും ആധാരപ്പെട്ട, ഹൈന്ദവരുടെ വ്യക്തിപര മായ നിയമങ്ങൾ, പ്രചാരത്തിൽ വന്നിട്ട് വളരെക്കാലം കഴി ഞ്ഞിരുന്നു. ഈ നിയമങ്ങളനുസരിച്ച് സ്ത്രീകളുടെ നിലയും, അവകാശങ്ങളും പിൻതള്ളപ്പെട്ടിരുന്നു. സദാചാരവും നിയ മവും സംബന്ധിച്ച പ്രാചീനധാരണകൾ നൂററാണ്ടുകൾക്കുമുമ്പ ണ്ടായിരുന്ന ഗ്രാമീണസമുദായത്തിൽ രൂപപ്പെട്ടവയാണ്. മത ത്തിനു പ്രത്യേക പ്രാധാന്യം കല്പിക്കുന്ന ആശയങ്ങളായിരുന്നു അവ. പുരാതനകാലത്തെ സമുദായത്തിൽനിന്നും വളരെ വ്യത്യ സ്തമായ ആധുനിക സാമൂഹ്യവ്യവസ്ഥയ്ക്കു് യോജിക്കത്തക്കവണ്ണം അവയെ പരിഷ്ക്കരിക്കേണ്ടതാവശ്യമായിരുന്നു.

വിവാഹം, മതപരമായ ഒരു കർമ്മവും വേർപെടുത്താനാവാത്ത ഒരു ബന്ധവുമായിട്ടാണു സങ്കല്പിക്കപ്പെട്ടിരുന്നതു്. ആധുനിക സാമൂഹ്യമൂല്യങ്ങളുടെ വെളിച്ചത്തിൽ ഈ സങ്കല്പം നവീകരിക്കേണ്ടിയിരുന്നു. പഴയ കാലത്തെ മതപരവും സാമൂഹ്യവുമായ ധാരണകളിൽ ഊന്നിയിരുന്ന ഹിന്ദുനിയമം, ആധുനിക ജീവിതത്തിലെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടത്തക്കവണ്ണം വ്യത്യാസപ്പെട്ടുത്തേണ്ടതു് പലതരത്തിലും ആവശ്യമായിത്തീർന്നു.

## ബ്രിട്ടീഷ് ഭരണകാലത്തെ പരിഷ്കാരങ്ങൾ

മതപരമായ കാര്യങ്ങളിൽ ഇടപെടാതിരിക്കുക എന്ന നയമാണു് ബ്രിട്ടീഷ് ഗവണ്മെന്റ് പിൻതുടർന്നിരുന്നതു് എങ്കിലും, പൊതുജനാഭിപ്രായത്തിന്റെ സമ്മർദ്ദം നിമിത്തം, ഇടയ്ക്കിടയ്ക്ക് ഹിന്ദുനിയമത്തിൽ, നിയമംവഴി ചില ഭേദഗതികൾ വരുത്തുവാൻ അവർ നിർബ്ബന്ധിതരായി. ഇവയിൽ പ്രധാനപ്പെട്ട നിയമങ്ങൾ താഴെപ്പറയുന്നവയാണു് :

## ഹിന്ദുവിധവകളുടെ പുനർവിവാഹനിയമം, 1856 (Hindu Widow's Remarriage Act)

ഈ ആക്റ്റ്, ഹിന്ദുവിധവകളുടെ പുനർവിവാഹത്തിനുണ്ടായിരുന്ന നിയമതടസ്സങ്ങൾ നീക്കം ചെയ്തു. ഹിന്ദുവിധവകൾക്കു വേണമെങ്കിൽ വീണ്ടും വിവാഹം ചെയ്യുവാൻ അനുമതി നൽകുന്ന നിയമമാണിതു്.

## 1929-ലെ ഹിന്ദു പൂർവ്വസ്വത്തവകാശ (ഭേദഗതി) നിയമം II (Hindu Law of Inheritance)

മരണമടഞ്ഞ ഒരാളിന്റെ സ്വത്തിനു്, അയാളുടെ പുത്രന്റെ പുത്രിക്കും, പുത്രിയുടെ പുത്രിക്കും സഹോദരിക്കും, സഹോദരീപുത്രനും അവകാശം നൽകുന്ന നിയമമാണിതു്. ഈ നിയമം, പിതൃവഴിക്കുള്ള അകന്ന ബന്ധുക്കളേക്കാളധികമായി രക്തബന്ധമുള്ള, സ്ത്രീകളായ പിൻമുറക്കാർക്കു് പിന്തുടർച്ചാവകാശം നൽകുന്നു. ഇപ്പോൾ ഇതിന്റെ സ്ഥാനത്തു് 1956-ലെ ഹിന്ദുപിന്തുടർച്ചാവകാശനിയമം നിലവിൽ വന്നിരിക്കുന്നു.

## ഹിന്ദുസ്ത്രീകളുടെ സ്വത്തവകാശനിയമം—1937
## (Hindu Women's Right to Property Act)

ഈ നിയമം, സ്വത്തുസംബന്ധിച്ച് സ്ത്രീകൾക്ക് കൂടുതൽ അവകാശങ്ങൾ നൽകി. ദായഭാഗസമ്പ്രദായം പിൻതുടരുന്ന ഒരാൾ, വിൽപത്രം തയ്യാറാക്കാതെ മരിച്ചാൽ അയാളുടെ സ്വത്തിന് അയാളുടെ പുത്രനുള്ളതിനു തുല്യമായ അവകാശം അയാളുടെ വിധവയ്ക്കും ഉണ്ടായിരിക്കുമെന്നു വ്യവസ്ഥ ചെയ്യപ്പെട്ടു.

മററു സമ്പ്രദായങ്ങൾ പിന്തുടരുന്ന ഹിന്ദുക്കളുടെ കാര്യത്തിലും, ഇപ്രകാരമുള്ള ഭേദഗതി വരുത്തുകയുണ്ടായി. മിതാക്ഷര നിയമപ്രകാരമുള്ള കൂട്ടുകുടുംബസ്വത്തിന്റെ കാര്യത്തിൽ, മരിച്ചുപോയ ഭർത്താവിനു് അത്തരം സ്വത്തിലുണ്ടായിരുന്ന പങ്ക്, അയാളുടെ വിധവയ്ക്കു ലഭിക്കുവാൻ അവകാശം നല്കി. എന്നാൽ ഈ ഓഹരി വിധവയ്ക്ക് അവരുടെ ജീവിതകാലത്തേയ്ക്കുമാത്രം അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. കൂടാതെ സ്വത്തു ഭാഗം വയ്ക്കാൻ അവക്ക് അവകാശപ്പെടാവുന്നതാണ്.

കാർഷികസ്വത്തിനെ സംബന്ധിച്ചിടത്തോളം ഈ നിയമം, കേന്ദ്രനിയമ നിർമ്മാണസഭയുടെ പരിധിയിൽ പെടുന്നതല്ലെന്നു് ഫെഡറൽ കോടതി അഭിപ്രായപ്പെടുകയുണ്ടായി. 1935-ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യാ ആക്ടനുസരിച്ച് ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്താൻ സ്റ്റേററുകൾക്കു മാത്രമേ അധികാരമുള്ളു എന്നായിരുന്നു ഫെഡറൽ കോടതിയുടെ അഭിപ്രായം.

ഈ നിയമമനുസരിച്ച് വിധവ, സ്വത്തിന്റെ കൂട്ടവകാശിയാകുന്നില്ല. മരിച്ചുപോയ ഭർത്താവിന്റെ ഓഹരി അനുഭവിക്കാമെങ്കിലും അവ വേർപെടുത്തിയെടുക്കുവാൻ അവകാശം ലഭിക്കുന്നില്ല. വിധവയുടെ അവകാശം നിയമപ്രകാരം ലഭിച്ച പ്രത്യേക അവകാശമാണ്. അവക്കു ലഭിക്കുന്ന ഭർതൃസ്വത്ത്, അവരുടെ മരണാനന്തരം ഭർത്താവിന്റെ പിന്തുടർച്ചക്കാർക്കവകാശപ്പെട്ടതായിരിക്കും. ഇപ്പോൾ, ഹിന്ദുസ്ത്രീകളുടെ സ്വത്തവകാശനിയമത്തിന്റെ സ്ഥാനത്ത് 1956-ലെ ഹിന്ദുപിന്തുടർച്ചാവകാശനിയമം പ്രാബല്യത്തിലിരിക്കുന്നു.

## ശിശുവിവാഹ നിരോധനനിയമം, 1929
## (Child Marriage Restraint Act)

ശാരദാ ആക്ട് എന്നറിയപ്പെടുന്ന ഈ നിയമത്തിന്റെ ഉദ്ദേശം ചില നിശ്ചിത പ്രായ പരിധികൾക്കു താഴെയുള്ള ആളുകളുടെ വിവാഹം തടയുകയാണ്. എന്നാൽ നടത്തിക്കഴിഞ്ഞ വിവാഹങ്ങൾ ഇതുനിമിത്തം റദ്ദാക്കപ്പെട്ടില്ല. ഈ നിയമമനുസരിച്ച്, വിവാഹം ചെയ്യുന്ന പുരുഷന് കുറഞ്ഞത് 18 വയസ്സും സ്ത്രീക്ക് കുറഞ്ഞത് 15 വയസ്സും പ്രായമുണ്ടായിരിക്കണം. ഈ നിയമത്തിലെ പ്രായവ്യവസ്ഥയ്ക്കു വിരുദ്ധമായി വിവാഹം നടത്തുകയോ നടത്തിക്കുകയോ ചെയ്യുന്ന ഏതൊരാളും—മാതാപിതാക്കളായാലും ബന്ധുക്കളായാലും—ശിക്ഷാർഹരാണ്. പിഴയോ, തടവോ, രണ്ടുംകൂടിയോ ശിക്ഷ വിധിക്കാവുന്നതാണ്. ഇന്ത്യയിലും ഇന്ത്യയ്ക്കു വെളിയിലുമുള്ള എല്ലാ ഇന്ത്യൻപൗരന്മാർക്കും ഈ നിയമം ബാധകമാണ്.

## വിവാഹിതരായ ഹിന്ദുസ്ത്രീകൾക്ക് മാറിത്താമസിക്കുവാനും സംരക്ഷണച്ചെലവു ലഭിക്കുവാനും (Separate Residence and Maintenance) അവകാശം നൽകുന്ന നിയമം—1946

ഈ നിയമമനുസരിച്ച്, വിവാഹിതയായ ഹിന്ദുസ്ത്രീക്ക് താഴെപ്പറയുന്ന ഏതെങ്കിലും ഒരു കാരണത്താലോ ഒന്നിലധികം കാരണങ്ങളാലോ ഭർത്താവിൽനിന്നകന്നു താമസിക്കുവാനും സംരക്ഷണച്ചെലവ് അവകാശപ്പെടുവാനും വ്യവസ്ഥയുണ്ട്.

1. ഭർത്താവ്, ഭാര്യയിൽനിന്നു പകർന്നതല്ലാത്ത, ഏതെങ്കിലും ബീഭത്സമായ രോഗം ഉള്ളയാളാണെങ്കിൽ ;

2. കൂടെത്താമസിക്കുന്നത് അപായകരമാകുന്നതരത്തിലുള്ള ക്രൂരത, ഭർത്താവു കാണിക്കുകയാണെങ്കിൽ ;

3. ഭർത്താവ് ഭാര്യയെ ഉപേക്ഷിച്ചുപോവുകയാണെങ്കിൽ ;

4. ഭർത്താവ് വീണ്ടും വിവാഹം കഴിച്ചിട്ടുണ്ടെങ്കിൽ ;

5. അയാൾ മതപരിവർത്തനം ചെയ്തു ഹിന്ദുവല്ലാതായി ത്തീർന്നിട്ടുണ്ടെങ്കിൽ ;

6. അയാൾ, വീട്ടിൽ, വെപ്പാട്ടിയെ വച്ചുപുലർത്തുകയോ, വെപ്പാട്ടിയോടൊപ്പം പതിവായി താമസിച്ചുവരികയോ ചെയ്യുക യാണെങ്കിൽ ;

7. ന്യായമായ മറേറതെങ്കിലും കാരണമുണ്ടെങ്കിൽ, ഓരോ കേസിലും, ഭാര്യയ്ക്കു് ഉപജീവനാംശമായോ (Alimony) സംരക്ഷണ ച്ചെലവായോ നല്ലേണ്ട തുക, ഭർത്താവിൻെറ നിലയും വരുമാനവും പരിഗണിച്ചു് കോടതി നിശ്ചയിച്ചു് ഉത്തരവാകേണ്ടിയിരുന്നു. ഇപ്പോൾ, ഈ നിയമത്തിൻെറ സ്ഥാനത്തു്, ദത്തെടുക്കലും സംര ക്ഷണവും സംബന്ധിച്ച 1956-ലെ നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്നു.

ഇവയെല്ലാമാണു് സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പു പാസ്സാക്കിയ പ്രധാന നിയമങ്ങൾ. എന്നാൽ ഇതൊന്നും, പ്രാചീനനിയമ ത്തിന്റെ പ്രധാന ചട്ടക്കൂടിനെ വ്യത്യാസപ്പെടുത്തിയില്ല. എന്നാൽ നിയമത്തിൽ വളരെയധികം അനിശ്ചിതത്വം നിലനിന്നിരുന്നു. ഹിന്ദുനിയമം ക്രമപ്പെടുത്തണമെന്നുള്ള ആവശ്യം ശക്തിയാർജ്ജി ക്കയും ചെയ്തു. കേന്ദ്രനിയമ നിർമ്മാണസഭയിലും അതിനു പുറ ത്തും പ്രകടമായ പൊതുജനാവശ്യത്തെ കണക്കിലെടുത്തുകൊണ്ടു് 1941-ൽ, ശ്രീ ബി. എൻ. റാവുവിൻെറ അദ്ധ്യക്ഷതയിലുള്ള ഹിന്ദുനിയമ കമ്മിററി നിയമിക്കപ്പെട്ടു. ഹിന്ദുനിയമത്തിൽ ഭേദഗതികൾ നിർദ്ദേശിച്ചു് നക്കൽനിയമങ്ങൾ തയ്യാറാക്കുവാൻ കമ്മിററിയോടാവശ്യപ്പെട്ടു. ഈ കമ്മിററി റിപ്പോർട്ടു സമർപ്പി ക്കുകയും രണ്ടു ബില്ലുകളുടെ നക്കൽ തയ്യാറാക്കുകയും ചെയ്തു. 1944-ൽ റാവുക്കമ്മിററിയെ പുനരുജ്ജീവിപ്പിക്കുകയും സമഗ്രമായ ഒരു ഹിന്ദുനിയമസംഹിത (ഹിന്ദുകോഡ്) തയ്യാറാക്കാൻ കമ്മി ററിയോടാവശ്യപ്പെടുകയും ചെയ്തുകൊണ്ടു് കേന്ദ്രനിയമനിർമ്മാണ സഭ വീണ്ടും പ്രമേയം പാസ്സാക്കി.

### സ്വതന്ത്രഭാരതം

സ്വാതന്ത്ര്യപ്രാപ്തിയെത്തുടന്നു്, ഹിന്ദുനിയമത്തിനു് അടുക്കും ചിട്ടയും വരുത്തണമെന്നുള്ള ആശയത്തിനു കൂടുതൽ പ്രോത്സാ

ഹനം ലഭിച്ചു. ഹിന്ദുനിയമം പരിഷ്ക്കരിക്കുന്ന ഭാരം ഏറെറടുക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഒരുക്കമായിരുന്നു. ഹിന്ദുകോഡ് ബിൽ (1948) അവതരിപ്പിക്കുകയും, ഭരണഘടനാസമിതിയുടെ സെലക്ട്കമ്മിററിയുടെ പരിഗണനയ്ക്കു വിടുകയും ചെയ്തു. പക്ഷെ, ഭാരതത്തിൻെറ ഭരണഘടന തയ്യാറാക്കുന്നതുവരെ അതു നീട്ടിവയ്ക്കുകയാണുണ്ടായതു്. 1950-ൽ ഭാരതത്തിൻെറ ഭരണഘടന അംഗീകരിക്കപ്പെട്ടു. അന്നോളം നാട്ടുരാജ്യങ്ങളിൽ താമസിച്ചിരുന്ന ജനങ്ങളും ഇന്ത്യൻയൂണിയനിലെ പൗരന്മാരായിത്തീർന്നു. ഭരണഘടനയനുസരിച്ച്, പിന്തുടർച്ചാവകാശം, വിവാഹം മുതലായവ സംബന്ധിച്ച ഹിന്ദുനിയമം സംയുക്തപട്ടികയിൽ (Concurrent List) ഉൾപ്പെടുത്തുകയും അതിന്മേൽ നിയമനിർമ്മാണം നടത്താൻ പാർലമെൻറിനധികാരം നൽകുകയും ചെയ്തിരിക്കുന്നു. ഹിന്ദുനിയമം സംബന്ധിച്ച നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സ്റ്റേററുകൾക്കും അധികാരം നല്കിയതുകൊണ്ടു് നേരത്തെ നിലനിന്നിരുന്ന പല നിയമപ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞു. സ്റ്റേററിന്റെ നിയമവും കേന്ദ്രനിയമവുംതമ്മിൽ വിരുദ്ധമായി വരുമ്പോൾ കേന്ദ്രനിയമത്തിനായിരിക്കും പ്രാബല്യമുണ്ടാവുക. അങ്ങിനെ, ഹിന്ദുനിയമപരിഷ്കാരത്തിനുള്ള വഴി തെളിഞ്ഞു. എങ്കിലും ചില ചെറിയ തടസ്സങ്ങൾനിമിത്തം അല്പംകൂടി കാലതാമസമുണ്ടായി. മുപ്പതുകോടി ഇന്ത്യാക്കാരുടെ കുടുംബബന്ധങ്ങളെ ബാധിക്കുന്ന കാര്യങ്ങളിൽ, മൗലികമായ പരിവർത്തനങ്ങൾ വരുത്തുന്നതു്, ബഹുജനസമ്മതം നേടിയിട്ടേ ആകാവൂ എന്നു് ഒരുകൂട്ടർ വാദിച്ചു. ഇടക്കാല കേന്ദ്രനിയമനിർമ്മാണസഭ, ജനങ്ങൾ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ നേരിട്ടു തിരഞ്ഞെടുത്തതായിരുന്നില്ല. 1952-ൽ ഇന്ത്യൻ പാർലമെന്റിലേക്കും സ്റ്റേററ് നിയമസഭകളിലേക്കും പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ പൊതുതെരഞ്ഞെടുപ്പുകൾ നടന്നുകഴിഞ്ഞപ്പോൾ, ഹിന്ദുനിയമ പരിഷ്ക്കാരത്തിൻെറ മാർഗ്ഗത്തിലുണ്ടായിരുന്ന അവസാനത്തെ പ്രതിബന്ധവും നീങ്ങി.

ശ്രീ നെഹ്രു പ്രസ്താവിച്ചു: 'വ്യക്തിബന്ധങ്ങൾ സംബന്ധിച്ച ഹിന്ദുനിയമത്തിന്റെ പരിഷ്ക്കാരംപോലെ പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കും ചർച്ചയ്ക്കും ഇത്രയധികം പാത്രീഭവിച്ചിട്ടുള്ള

മററൊരു വിഷയവുമില്ല. ഈ വിഷയം പരിഗണിക്കുവാൻ പൊതുജനങ്ങൾക്കു വളരെയധികം അവസരം ലഭിച്ചതു് ഉചിതമാണു്. കാരണം, ഇതു് പ്രാധാന്യമർഹിക്കുന്ന വിഷയമാണു്.*

## പുതിയ നിയമങ്ങൾ

ഹിന്ദുനിയമത്തെ ചിട്ടപ്പെടുത്തിക്കൊണ്ടു് ഇന്ത്യൻ പാർലമെൻററ് 4 ബില്ലുകൾ പാസ്സാക്കി. ഒന്നു്, 1955-ലെ ഹിന്ദുവിവാഹനിയമം (25). രണ്ടു്, 1956-ലെ ഹിന്ദുപിന്തുടർച്ചാവകാശനിയമം (30). മൂന്നു്, 1956-ലെ, പ്രായപൂർത്തിയാകാത്തവരും രക്ഷാകർത്തൃത്വവും, സംബന്ധിച്ച നിയമം (32). നാലു്, 1956-ലെ ദത്തെടുക്കലും സംരക്ഷണവും സംബന്ധിച്ച നിയമം (73). ഈ നിയമങ്ങൾ ഹിന്ദുനിയമത്തെ ഭേദഗതി ചെയ്യുകയും അതിൽ മൗലികമായ പരിവർത്തനങ്ങൾ വരുത്തുകയും ചെയ്തു. അങ്ങിനെ നിയമപ്രാബല്യമുണ്ടായിരുന്ന പഴയ ചട്ടങ്ങളുടെയും ആചാരങ്ങളുടെയും സ്ഥാനത്തു് സമഗ്രമായ നാലു ലിഖിതനിയമങ്ങൾ ഉണ്ടായി. അവയിൽ ഹിന്ദുക്കളുടെ വ്യക്തിപരമായ നിയമങ്ങൾ മുഴുവനും അടങ്ങിയിരിക്കുന്നു. 'ഹിന്ദുകോഡു്' എന്നറിയപ്പെടുന്ന ഈ നിയമങ്ങൾ മുമ്പുണ്ടായിരുന്ന നിയമത്തെ ഗണ്യമായി വ്യത്യാസപ്പെടുത്തി. അതിനെ, സാമൂഹ്യനീതിയെക്കുറിച്ചുള്ള ഇന്നത്തെ ആശയങ്ങൾക്കു് അനുയോജ്യമാക്കിത്തീർത്തു. പ്രാചീന ഹിന്ദുനിയമം, പിന്തുടർച്ചാവകാശത്തിൻെറ കാര്യത്തിലും, വൈവാഹികാവകാശങ്ങളുടെ കാര്യത്തിലും, പിതൃവഴിക്കുള്ള ചാർച്ചക്കാരോടു് (ഗോത്രജർ—agnates) പ്രത്യേക ആനുകൂല്യം കാണിച്ചിരുന്നു. മതപരമായ അയോഗ്യതനിമിത്തവും, കുടുംബത്തിലും സമുദായത്തിലും ഉണ്ടായിരുന്ന പരാധീനതനിമിത്തവും സ്ത്രീകൾ പൊതുവെ വിവേചനത്തിനു പാത്രമായി, അവശതകളനുഭവിച്ചിരുന്നു. സ്വത്തവകാശവും വൈവാഹികാവകാശവും സംബന്ധിച്ച പണ്ടത്തെ അസമത്വങ്ങൾ, ഇപ്പോൾ നീക്കംചെയ്തിരിക്കുന്നു. ഭേദഗതി ചെയ്യപ്പെട്ട ഹിന്ദുനിയമം, സ്ത്രീകൾക്കു സമുദായത്തിൽ തുല്യസ്ഥാനം അനുവദിക്കുന്ന ആധുനികാദർശങ്ങൾക്കനുയോജ്യമാണു്.

---

*ഹിന്ദുവിവാഹബില്ലിനെക്കുറിച്ചു് 1955 മെയ് അഞ്ചാംതീയതി ലോകസഭയിൽ ചെയ്ത പ്രസംഗം.

അടുത്ത പേജുകളിൽ, ഹിന്ദുകോഡിൻെറ ഉദ്ദേശം ചുരുക്കത്തിൽ വിശദീകരിക്കുകയും, അതിലെ പ്രധാന വ്യവസ്ഥകൾ വിവരിക്കുകയും ചെയ്തിരിക്കുന്നു. നേരത്തെ നിലവിലിരുന്ന വ്യവസ്ഥകളും സൂചിപ്പിച്ചിട്ടുണ്ട്. പുതിയ നിയമനിർമ്മാണംനിമിത്തം എത്രമാത്രം മാററം വന്നിട്ടുണ്ടെന്നു മനസ്സിലാക്കാൻ ഇതുപകരിക്കും, ഈ നിയമങ്ങൾക്കുപുറമെ, എല്ലാ സമുദായങ്ങൾക്കും ബാധകമായ 1961-ലെ സ്ത്രീധന നിരോധനനിയമവും, ഹിന്ദുസമുദായത്തിൽ ആരോഗ്യകരമായ പരിവർത്തനം വരുത്താൻ സഹായിച്ചിട്ടുണ്ട്.

## അദ്ധ്യായം 2

# വിവാഹം സംബന്ധിച്ച നിയമം

പ്രാചീന ഹിന്ദുനിയമത്തിൽ, വിവാഹം, ഒരുടമ്പടി ആയിട്ടല്ല മതകർമ്മമായിട്ടാണ് പരിഗണിച്ചിരുന്നത്. മരണംമൂലമല്ലാതെ വേർപെടുത്താനാവാത്ത ഒരു ബന്ധമായിരുന്നു വിവാഹം. പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കേണ്ടതു് പിതാവിൻെറയും ബന്ധുക്കളുടെയും കർത്തവ്യമാണെന്നു് മതഗ്രന്ഥങ്ങൾ അനുശാസിച്ചു. എല്ലാ ഹിന്ദുക്കളും ചെയ്യേണ്ട ഒരു 'സംസ്കാര' മായിരുന്നു അതു്. പ്രായപൂർത്തിയാകാത്തവരെ, മാതാപിതാക്കൾ വിവാഹം ചെയ്യിച്ചിരുന്നതു്, അംഗീകരിക്കപ്പെട്ടിരുന്നു; പിതാവോ രക്ഷകർത്താവോ വധുവിനെ വരനു ദാനം ചെയ്യുകയായിരുന്നു ഹിന്ദുക്കളുടെ ഇടയിലെ പതിവു്. വിവാഹം സാധുവാകണമെങ്കിൽ ചില കർമ്മങ്ങൾ നടത്തേണ്ടതാവശ്യമായിരുന്നു. അതായതു്, അഗ്നിസാക്ഷികമായി നടത്തുന്ന മന്ത്രോച്ചാരണവും, സപ്തപദിയും (വരനും വധുവും ചേർന്നു് അഗ്നിക്കു ചുററും ഏഴു ചുവടു വയ്ക്കുക) ഓരോ ജാതിക്കാരുടെയും ആചാരപ്രകാരമുള്ള മററു ചടങ്ങുകളും ഉണ്ടായിരുന്നു. പക്ഷെ, അവയൊന്നും വിവാഹം സാധുവാകുന്നതിനു് അത്യാവശ്യമായിരുന്നില്ല. പല പ്രാചീന വിവാഹസമ്പ്രദായങ്ങളിൽ രണ്ടെണ്ണമേ തുടർന്നു നില

നിന്നിരുന്നുള്ളു. ബ്രഹ്മവിവാഹവും (അംഗീകൃതസമ്പ്രദായം) അസുരവിവാഹവും (അംഗീകൃതമല്ലാത്ത സമ്പ്രദായം). ബ്രഹ്മവിവാഹത്തിൽ വധുവിനെ വരനു ദാനമായി നൽകുകയാണു ചെയ്യുന്നതു്. അസുരവിവാഹത്തിലാകട്ടെ, ഒരു പ്രതിഫലം പററിയിട്ടാണു വധുവിനെ നല്കിയിരുന്നതു്. ഈ പ്രതിഫലത്തിനു് ശുല്കം എന്നാണു പേരു്. എല്ലാ ജാതിക്കാർക്കും ഇവയിൽ ഏതെങ്കിലും ഒരു സമ്പ്രദായം സ്വീകരിക്കാമായിരുന്നു. രണ്ടിനും ഒരുപോലെ നിയമസാധുത കൽപ്പിച്ചിരുന്നു. എതിരായ തെളിവുകളില്ലാത്തപ്പോൾ ഏതു വിവാഹവും അംഗീകൃതരീതിയിൽ നടത്തപ്പെട്ടതായി കരുതിപ്പോന്നു. ആചാരങ്ങളുടെ സ്വാധീനത്തിനു വിധേയമാകാത്ത ഹിന്ദുനിയമം, വിധവകളുടെ പുനർവിവാഹത്തെ അനുകൂലിച്ചിരുന്നില്ല. ആദ്യമായി, വിധവാവിവാഹത്തിനു് അനുമതി നല്കിയതു് 1856-ലെ ഹിന്ദുവിധവകളുടെ പുനർവിവാഹം സംബന്ധിച്ച നിയമമാണു്. ഈ നിയമം ഇന്നും പ്രാബല്യത്തിലിരിക്കുന്നു.

ഏകപത്നീവ്രതമായിരുന്നു സാധാരണ പതിവു് എങ്കിലും, ഹിന്ദുവായ ഒരു പുരുഷനു് എത്ര തവണയെങ്കിലും നിയമപ്രകാരം വിവാഹം ചെയ്യുന്നതിനു് തടസ്സമുണ്ടായിരുന്നില്ല. പ്രാചീന നിയമപ്രകാരം ഒരു ഹിന്ദു, വിവാഹം ചെയ്യുന്നതു് പുത്രലാഭത്തിനുവേണ്ടിയാണു്. ഒരു ഭാര്യയിൽ സന്താനമുണ്ടായില്ലെങ്കിൽ, അയാൾക്കു സന്താനലബ്ധിക്കുവേണ്ടി മറെറാരു സ്ത്രീയെക്കൂടി വിവാഹം ചെയ്യുകയോ ഒരു കുട്ടിയെ ദത്തെടുക്കുകയോ ചെയ്യാം. എന്നാൽ ഹിന്ദുസ്ത്രീക്കു്, ഭർത്താവു ജീവിച്ചിരിക്കുമ്പോൾ മറെറാരു പുരുഷനെ വിവാഹം ചെയ്യാൻ പാടില്ലായിരുന്നു. ശുദ്ധമായ ഹിന്ദുനിയമത്തിൽ, ഭർത്താവിനോ ഭാര്യക്കോ വിവാഹമോചനം നേടുന്നതിനു വ്യവസ്ഥയുണ്ടായിരുന്നില്ല; മതപരിവർത്തനം, ജാതിഭ്രഷ്ട്, ഉപേക്ഷിക്കൽ, വ്യഭിചാരം മുതലായതൊന്നും വിവാഹബന്ധം വേർപെടുത്തുവാൻ മതിയായ കാരണങ്ങളായി പരിഗണിക്കപ്പെട്ടിരുന്നില്ല. ഒരേ ജാതിയിലെ രണ്ടു വിഭാഗങ്ങളിൽപെട്ടവർ തമ്മിലുള്ള വിവാഹം സാധുവായിരുന്നു. വ്യത്യസ്തജാതിക്കാർതമ്മിലുള്ള വിവാഹവും ഹിന്ദുനിയമത്തിൽ പരാമർശിക്കപ്പെടുന്നുണ്ടു്. താണ ജാതിയിൽപ്പെട്ട പുരുഷനും

ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീയുംതമ്മിലുള്ള 'പ്രതിലോമ'വിവാഹം നിഷിദ്ധമായിരുന്നു. ഉയർന്ന ജാതിയിലെ പുരുഷനും താണ ജാതിയിൽപ്പെട്ട സ്ത്രീയുംതമ്മിലുള്ള 'അനുലോമ'വിവാഹം അനുവദിക്കപ്പെട്ടിരുന്നു. വിവാഹസംബന്ധമായി അനേകം ആചാരങ്ങൾ നടപ്പിൽ വന്നു. കൂടാതെ, 'നൂറു പ്രമാണങ്ങൾ ചേർന്നാലും നടന്ന കാര്യത്തെ മാററാനാവില്ല' എന്ന തത്ത്വവും ഹിന്ദുനിയമത്തിൻെറ അടിസ്ഥാനത്തിൽ, കോടതികൾ സ്വീകരിച്ചിരുന്നു. ഈ തത്ത്വമനുസരിച്ച് വിജാതീയവിവാഹങ്ങൾപോലും അംഗീകരിക്കപ്പെട്ടു. പല സമുദായങ്ങളിലും, വിവാഹമോചനം നടത്താൻ ആചാരം അനുവദിച്ചിരുന്നു. ചുരുക്കത്തിൽ, ഇതായിരുന്നു, 1956-നുമുമ്പ് നിലവിലിരുന്ന ഹൈന്ദവ വിവാഹനിയമം.

നിയമനിർമ്മാണംവഴിയുള്ള പരിഷ്കാരങ്ങളിൽ ആദ്യത്തേതു്, 1856-ലെ, ഹിന്ദുവിധവകളുടെ പുനർവിവാഹം സംബന്ധിച്ച നിയമമാണു്. യുവതികളായ വിധവകളുടെ പുനർവിവാഹത്തിനുണ്ടായിരുന്ന നിയമതടസ്സങ്ങൾ നീക്കുന്ന നിയമനിർമ്മാണമായിരുന്നു അതു്. അടുത്തതായുണ്ടായ പ്രധാന നടപടി, 1929-ലെ, ശിശുവിവാഹ നിരോധന നിയമമാണു്. ഈ നിയമം, വിവാഹിതരാകുന്നവരുടെ പ്രായപരിധി നിശ്ചയിച്ചു. 1923-ൽ ഭേദഗതി ചെയ്തപ്രകാരമുള്ള പ്രത്യേക വിവാഹനിയമം (Special Marriage Act) ഹിന്ദുക്കൾ തമ്മിലുള്ള (ബുദ്ധമതക്കാരും, ജൈനരും, സിക്കുകാരുമുൾപ്പെടെ) വിവാഹം രജിസ്ട്രാറുടെ മുമ്പാകെവച്ചു നടത്താമെന്നു വ്യവസ്ഥ ചെയ്തു. ഹിന്ദുക്കൾ തമ്മിലുള്ള വിവാഹം, മററുപ്രകാരത്തിൽ സാധുവാണെങ്കിൽ വിവാഹിതരാകുന്ന കക്ഷികൾ ഒരേ 'ഗോത്ര'ത്തിലോ 'പരിവാര'ത്തിലോ പെട്ടവരായതുകൊണ്ടു മാത്രം അസാധുവാകുന്നതല്ലെന്നു്, ഹിന്ദുവിവാഹം സംബന്ധിച്ച അവശതകൾ നീക്കുന്നതിനുള്ള 1946-ലെ നിയമം (Hindu Marriage Disabilities Removal Act) പ്രഖ്യാപിച്ചു. ഒരേ ജാതിയിലെ, വിവിധ ഉപവിഭാഗങ്ങളിൽ പെട്ടവർതമ്മിലുള്ള വിവാഹത്തിൻെറ സാധുതയെ സംബന്ധിച്ച സംശയങ്ങളും ഈ നിയമം നീക്കം ചെയ്തു.

വ്യത്യസ്ത ജാതികളിൽപ്പെട്ട ഹിന്ദുക്കൾ തമ്മിലുള്ള വിവാഹങ്ങളെ സംബന്ധിച്ച്—അനുലോമവിവാഹവും പ്രതിലോമ

വിവാഹവും—ചില സംശയങ്ങൾ ഉന്നയിക്കപ്പെട്ടു. ചില കേസുകളിൽ വിവാഹങ്ങൾ അസാധുവായി പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. ഹിന്ദുവിവാഹങ്ങളുടെ സാധുത സംബന്ധിച്ച 1949-ലെ നിയമം (Hindu Marriages Validity Act)—ഈ സംശയങ്ങൾ ദൂരീകരിക്കുകയും, മുൻപറഞ്ഞ വിവാഹങ്ങൾ സാധുവാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഹിന്ദുക്കൾ, ബുദ്ധമതക്കാർ, ജൈനർ, സിക്കുകാർ എന്നിവർ തമ്മിലുള്ള വിവാഹങ്ങൾക്കും നിയമസാധുതയുണ്ടെന്നു് ഈ നിയമം വ്യക്തമാക്കി.

മററൊരു പ്രധാനപ്പെട്ട നിയമനിർമ്മാണമായിരുന്നു വിവാഹിതരായ ഹൈന്ദവസ്ത്രീകൾക്കു് മാറിത്താമസിക്കുവാനും സംരക്ഷണച്ചെലവു ലഭിക്കുവാനും അവകാശം നല്കുന്ന 1946-ലെ ആക്ററ്. (Hindu Married Women's Right to Separate Residence & Maintenance Act)

വ്യക്തമായി എടുത്തുപറഞ്ഞിട്ടുള്ള ഒന്നോ ഒന്നിലധികമോ കാരണത്താൽ വിവാഹിതയായ ഒരു ഹിന്ദുസ്ത്രീക്കു് ഭത്താവിനെ വിട്ടു് മാറിത്താമസിക്കുവാനും സംരക്ഷണച്ചെലവു് നേടുവാനും അവകാശം നല്കുന്ന ആദ്യത്തെ നിയമനിർമ്മാണമാണിതു്.

ഹിന്ദുവിവാഹനിയമം വ്യാഖ്യാനിച്ച കോടതികൾ ഇംഗ്ലീഷ് നിയമത്തിൻെറ ചുവടുപിടിച്ചു് രണ്ടു തത്ത്വങ്ങൾ ആവിഷ്കരിക്കുകയുണ്ടായി:

1. വൈവാഹികാവകാശങ്ങൾ പുനസ്ഥാപിക്കുന്നതുസംബന്ധിച്ച തത്ത്വം.

2. ഭത്താവു് മരിക്കുകയോ, മതപരിവത്തനം ചെയ്യുകയോ, ഉപേക്ഷിച്ചു പോകുകയോ, അവഗണിക്കുകയോ ചെയ്യുന്നപക്ഷം, വിവാഹിതയായ ഹിന്ദുസ്ത്രീക്കു് സംരക്ഷണച്ചെലവു് അവകാശപ്പെടാം എന്ന തത്ത്വം, ഭത്താവിനു ഭാര്യയുടെയും, ഭാര്യക്കു് ഭത്താവിൻെറയും സാമീപ്യസമ്പക്കങ്ങൾ ലഭിക്കാനവകാശമുണ്ടെന്നും അതിനു് അവർ ഒന്നിച്ചു താമസിക്കേണ്ടതാണെന്നും നിയമം കരുതുന്നു. ഭാര്യയോ ഭത്താവോ, ഉപേക്ഷിച്ചുപോകുകയോ, ഒരാൾ മറേറയാളെ അവഗണിക്കുകയോ ചെയ്യുകയാണെങ്കിൽ, ഉപേക്ഷി

ക്കപ്പെട്ടന്നയാൾക്കു്, വൈവാഹികാവകാശങ്ങളുടെ പുനസ്ഥാപനത്തിനുവേണ്ടി കോടതിയെ സമീപിക്കാവുന്നതാണു്. ഭാര്യയ്ക്കും, വിധവയ്ക്കും ഭർത്താവിൻെറ സ്വത്തിൽനിന്നോ വരുമാനത്തിൽനിന്നോ സംരക്ഷണച്ചെലവു് ലഭിക്കാനുള്ള അവകാശം ഇതിനോടു ബന്ധപ്പെട്ടിരിക്കുന്നു. മതഗ്രന്ഥങ്ങൾ ഈ അവകാശത്തെ അനുകൂലിക്കുന്നുണ്ടു്.

## വിവാഹ നിയമ പരിഷ്കാരം

ഹിന്ദു കോഡിൻെറ ആദ്യത്തെ ഭാഗമാണു് 1955-ലെ ഹിന്ദുവിവാഹ നിയമം. ഇദംപ്രഥമമായി, ഹിന്ദുക്കളെ സംബന്ധിച്ച വിവാഹനിയമങ്ങളെല്ലാം സമഗ്രമായ ഒററ നിയമത്തിൽ ഉൾപ്പെടുത്തി. നിലവിലിരുന്ന നിയമങ്ങളിൽ വരുത്തിയ പല പരിഷ്കാരങ്ങളും അതിൽ അടങ്ങിയിരുന്നു. വിവാഹം സംബന്ധിച്ച നിയമത്തിന്റെ നിബന്ധനകൾ ലഘൂകരിക്കുകയും വിവാഹം സാധുവാകുന്നതിനു ലളിതമായ ചില വ്യവസ്ഥകൾ നിർദ്ദേശിക്കുകയുമാണു് അതിൻെറ ഉദ്ദേശം. ഈ നിയമം ഏകപത്നീസമ്പ്രദായം അനുശാസിക്കുകയും ദ്വിഭാര്യാത്വത്തെ വ്യക്തമായി നിരോധിക്കുകയും ചെയ്യുന്നു. ഭാര്യാഭർത്താക്കന്മാരെ കോടതി വിധിപ്രകാരം താല്ക്കാലികമായി വേർപെടുത്തുന്നതിനും (Judicial Separation), ചിലപ്പോൾ നിയമപ്രകാരം വിവാഹമോചനം നടത്തി വിവാഹം റദ്ദാക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ടു്. വിവാഹം, വിവാഹമോചനം എന്നിവ സംബന്ധിച്ചു്, എല്ലാ ഹിന്ദുക്കൾക്കും ബാധകമായ ഒരേകീകൃത നിയമവ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്നു. എന്നാൽ, അടുത്ത ചാർച്ചക്കാർ തമ്മിൽ വൈവാഹികബന്ധം നിരോധിക്കുന്ന ചില ആചാരങ്ങളും മുൻവഴക്കങ്ങളും, മാററംകൂടാതെ നിലനില്ക്കാൻ ഈ നിയമം അനുവദിച്ചിട്ടുണ്ടു്.

## നിയമത്തിൻെറ പ്രധാനാംശങ്ങൾ

1955-ലെ ഹിന്ദുവിവാഹ നിയമപ്രകാരം താഴെപ്പറയുന്ന മാററങ്ങൾ പ്രാബല്യത്തിൽ വന്നിരിക്കുന്നു.

1. ഹിന്ദുനിയമത്തിലെ മിതാക്ഷരം, ദായഭാഗം എന്നീ രണ്ടു സമ്പ്രദായങ്ങളിലും വിവാഹബന്ധം നിഷിദ്ധമാകുന്ന തര

ത്തിലുള്ള അടുത്ത ചാർച്ച (Prohibited degrees of relationship) നിർണ്ണയിക്കുന്നതിനു് ഈ നിയമം ഒരേകീകൃത മാനദണ്ഡം നിർദ്ദേശിച്ചിരിക്കുന്നു.

2. ഹിന്ദുക്കൾ, ബുദ്ധമതക്കാർ, ജൈനർ, സിക്കുകാർ എന്നിവർ തമ്മിലും, ഹിന്ദുമതം പിന്തുടരുന്ന ജനസമുദായങ്ങളിൽ പെട്ട വ്യത്യസ്ത ജാതിക്കാർ തമ്മിലും വിവാഹം നടത്തുന്നതിനു് ഈ നിയമം അനുവാദം നൽകുന്നു.

3. ഒരു വിവാഹം നിലവിലുള്ളപ്പോൾ വീണ്ടും വിവാഹം നടത്തുന്നതിനെ ഈ നിയമം നിരോധിക്കുന്നു. ദ്വിഭാര്യാത്വം ഇന്ത്യൻ ശിക്ഷാനിയമപ്രകാരം ശിക്ഷാർഹമാക്കിയിരിക്കുന്നു.

4. വിവാഹത്തിനുള്ള കുറഞ്ഞ പ്രായപരിധി നിശ്ചയിച്ചിരിക്കുന്നു. പുരുഷന്മാർക്കു 18 വയസ്സും, സ്ത്രീകൾക്കു 15 വയസ്സും.

5. വിവാഹത്തിനു് ഏതെങ്കിലും പ്രത്യേക രീതിയോ ചടങ്ങോ നിർദ്ദേശിക്കുന്നില്ല.

6. വൈവാഹികാവകാശങ്ങൾ പുനസ്ഥാപിക്കുന്നതിനും, കോടതി നിശ്ചയപ്രകാരം ഭാര്യാഭർത്താക്കന്മാരെ താൽക്കാലികമായി വേർപെടുത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

7. ഹിന്ദുവിവാഹങ്ങൾ രജിസ്റ്റർ ചെയ്യുവാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. ഹിന്ദുക്കൾ രജിസ്ട്രാറുടെ മുമ്പാകെവച്ചു നടത്തുന്ന സിവിൽ വിവാഹങ്ങളും നിയമാനുസൃതമാണെന്നു് അംഗീകരിച്ചിരിക്കുന്നു.

8. ചില സാഹചര്യങ്ങളിൽ വിവാഹമോചനം നടത്താൻ അനുവാദം നല്കിയിരിക്കുന്നു. വിവാഹമോചനം യഥാവിധി നടത്തിക്കഴിഞ്ഞതിനുശേഷം പുനർവിവാഹം നടത്താനും അനുവാദം നല്കിയിരിക്കുന്നു. ഹിന്ദുവിവാഹനിയമം 1955 മെയ് 18-ാംനു നടപ്പിൽവന്നു. ജമ്മു-കാശ്മീർ സ്റ്റേറ്ററൊഴിച്ചു് ഇന്ത്യയിൽ ഒട്ടാകെ ഈ നിയമം ബാധകമാണു്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം ഈ നിയമം പ്രാബല്യത്തിൽ വരണമെങ്കിൽ, കേന്ദ്ര

ഗവണ്മെൻറ്, പ്രത്യേക വിജ്ഞാപനപ്രകാരം ഏതെങ്കിലും പ്രദേശത്തിനോ, വർഗ്ഗത്തിനോ അതു ബാധകമാണെന്നു പ്രഖ്യാപിക്കേണ്ടതാണ്.

## ഹിന്ദുവിവാഹത്തിനുള്ള വ്യവസ്ഥകൾ

രണ്ടു ഹിന്ദുക്കൾ തമ്മിൽ വിവാഹം നടത്തുന്നതിനു് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്.

1. വിവാഹം ചെയ്യുന്ന ആൾക്ക് ഭാര്യയോ അല്ലെങ്കിൽ ഭർത്താവോ ജീവിച്ചിരിപ്പുണ്ടായിരിക്കാൻ പാടില്ല. ഏകപത്നീസമ്പ്രദായമാണ് ഹിന്ദുക്കളുടെ നിയമാനുസൃതമായ വിവാഹസമ്പ്രദായം. ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ വിവാഹം അസാധുവായിരിക്കും. ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുമ്പോൾ വീണ്ടും വിവാഹം ചെയ്യുന്ന ആൾ ശിക്ഷാർഹനാണ്.

2. വിവാഹസമയത്തു്, വിവാഹം ചെയ്യുന്ന ഏതെങ്കിലും കക്ഷി മന്ദബുദ്ധിയോ ചിത്തഭ്രമമുള്ളയാളോ ആയിരിക്കരുതു്. ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ വിവാഹം അസാധുവാകും.

3. വരനു് 18 വയസ്സും, വധുവിനു 15 വയസ്സും പൂർത്തിയായിരിക്കണം.

4. കക്ഷികൾ നിഷിദ്ധമായതരത്തിൽ അടുത്ത ചാർച്ചയുള്ളവരായിരിക്കരുതു്. ആചാരമോ മുൻപതിവോ അനുവദിക്കുന്നുണ്ടെങ്കിൽ മാത്രമേ ഇത്തരം വിവാഹം സാധുവായിരിക്കുകയുള്ളൂ. ഇരുകൂട്ടരുടേയും ആചാരമോ, മുൻപതിവോ അനുവദിക്കാത്തപക്ഷം കക്ഷികൾ 'സപിണ്ഡർ' ആയിരിക്കാൻ പാടില്ല.

5. വധുവിനു 18 വയസ്സിൽ കുറവാണെങ്കിൽ രക്ഷകർത്താവിൻെറ സമ്മതം വാങ്ങേണ്ടതാണ്.

18 വയസ്സിനു താഴെയുള്ള പെൺകുട്ടിക്ക് വിവാഹാനുമതി നല്കാൻ അധികാരമുള്ളവർ, അമ്മ, അച്ഛൻ, അച്ഛൻെറ അച്ഛൻ, അച്ഛൻെറ അമ്മ, സഹോദരന്മാർ മുതലായവരാണ്. ഇക്കാര്യ

ത്തിൽ അച്ഛൻ കഴിഞ്ഞാൽ അമ്മയ്ക്കാണു സ്ഥാനം നല്കിയിരിക്കുന്നതു്. നിയമത്തിൽ പറഞ്ഞിട്ടുള്ള ബന്ധുക്കൾ ഇല്ലാത്തപക്ഷം വിവാഹത്തിനു് അനുമതി ആവശ്യമില്ല.

വിവാഹച്ചടങ്ങു് ഏതെങ്കിലും പ്രത്യേക രീതിയിൽ നടത്തണമെന്നു് നിയമം നിർദ്ദേശിക്കുന്നില്ല. കക്ഷികൾക്കു് അവരുടെ ആചാരപ്രകാരമുള്ള കർമ്മങ്ങളും ചടങ്ങുകളും നടത്താൻ സ്വാതന്ത്ര്യമുണ്ടു്. വിവാഹത്തിനു തെളിവുണ്ടായിരിക്കുന്നതിനുവേണ്ടി, ഹിന്ദുവിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ ചട്ടങ്ങൾ സ്റ്റേററ് ഗവണ്മെൻറുകൾക്കു് ഉണ്ടാക്കാവുന്നതാണു്.

## വിവാഹബന്ധം നിഷിദ്ധമാകുന്നതരത്തിലുള്ള അടുത്ത ചാർച്ചകൾ

വിവാഹബന്ധം നിഷിദ്ധമാകുന്നതരത്തിലുള്ള അടുത്ത ചാർച്ചകൾ ഏതൊക്കെയാണെന്നും സപിണ്ഡബന്ധം ഏതെന്നും ഈ നിയമത്തിൽ വ്യക്തമാക്കിയിരിക്കുന്നു. രണ്ടാളുകൾ പരസ്പരം വിവാഹബന്ധം പാടില്ലാത്തവണ്ണം അടുത്ത ചാർച്ചക്കാരാകുന്നതു് താഴെപ്പറയുന്ന സാഹചര്യങ്ങളിലാണു്:

1. ഒരാൾ വംശാവലിയിൽ മറെറയാളുടെ പൂർവ്വഗാമിയായിരിക്കുമ്പോൾ—ഉദാ: അച്ഛൻ, അച്ഛൻെറ അച്ഛൻ, അമ്മ, അമ്മയുടെ അമ്മ മുതലായവർ.

2. ഒരാൾ മറെറയാളുടെ പൂർവ്വഗാമിയുടെയോ, പിൻഗാമിയുടെയോ ഭാര്യയോ ഭർത്താവോ ആയിരിക്കുമ്പോൾ—ഉദാ: അച്ഛൻെറ വിധവ, മകന്റെ വിധവ, പൗത്രൻെറ വിധവ മുതലായവർ.

3. ഒരാൾ മറേറയാളുടെ സഹോദരൻെറയോ, അച്ഛൻെറ സഹോദരൻെറയോ, അമ്മയുടെ സഹോദരന്റെയോ, മുത്തച്ഛന്റെ സഹോദരൻെറയോ മുത്തശ്ശിയുടെ സഹോദരന്റെയോ ഭാര്യയായിരിക്കുമ്പോൾ.

4. വിവാഹിതരാകുന്നവർ, സഹോദരീസഹോദരന്മാരോ, അമ്മാവനും മരുമകളുമോ, അമ്മാവിയും മരുമകനുമോ, സഹോ

ദരീസഹോദരന്മാരുടേയോ, രണ്ടു സഹോദരന്മാരുടെയോ സഹോദരിമാരുടെയോ സന്താനങ്ങളോ ആയിരിക്കുമ്പോൾ.

### സപിണ്ഡബന്ധം

സപിണ്ഡർ തമ്മിലുള്ള വിവാഹവും ഈ നിയമം നിരോധിക്കുന്നു. മിതാക്ഷരസമ്പ്രദായമനുസരിച്ച്, പുരുഷനും, സ്ത്രീയും പൊതുവായ ഒരു പൂർവ്വികന്റെ ശരീരത്തിന്റെ അംശങ്ങൾ ഉൾക്കൊള്ളുന്നവരാണെങ്കിൽ അവർ സപിണ്ഡരാണ്, 1955-ലെ ഹിന്ദു വിവാഹ നിയമപ്രകാരം രണ്ടുപേർ സപിണ്ഡരാകുന്നതു് ഒരാൾ വംശാവലിയിൽ മറെറയാളുടെ പിൻഗാമിയായിരിക്കുമ്പോഴാണ്. ഇത്തരം സപിണ്ഡബന്ധം, ഒരാളുടെ മാതൃവഴിക്കുള്ള പൂർവ്വികവംശാവലിയിൽ മൂന്നാമത്തെ തലമുറവരെയും, പിതൃവഴിക്കുള്ള വംശാവലിയിൽ അഞ്ചാമത്തെ തലമുറവരെയും ബാധകമാണ്. വിവാഹിതനാകുന്ന വ്യക്തിയെ ഒന്നാമനായെണ്ണുകയും പൂർവ്വിക വംശാവലിയിൽ മേലോട്ട് തലമുറയെണ്ണുകയുമാണ വേണ്ടതു്.

എന്നാൽ മുൻപറഞ്ഞ ഏതെങ്കിലും രണ്ടാളുകളുടെ വിവാഹം അനുവദിക്കുന്ന ആചാരമോ മുൻപതിവോ നിലവിലുണ്ടെങ്കിൽ, മേൽപറഞ്ഞ തരത്തിലുള്ള ബന്ധവും സപിണ്ഡബന്ധവും മററും കൂട്ടാക്കേണ്ടതില്ല.

### അസാധുവായതും അസാധുവാക്കാവുന്നതുമായ വിവാഹങ്ങൾ

ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം വിവാഹിതരായ ആളുകളിൽ, ആരുടെയെങ്കിലും നേരത്തെയുള്ള ഭാര്യയോ ഭർത്താവോ വിവാഹസമയത്തു ജീവിച്ചിരിപ്പുണ്ടായിരിക്കുകയോ, കക്ഷികൾ വിവാഹബന്ധം പാടില്ലാത്തവണ്ണം തമ്മിൽ ബന്ധമുള്ളവരോ സപിണ്ഡരോ ആയിരിക്കുകയോ ചെയ്താൽ, അവരുടെ വിവാഹം അസാധുവായിരിക്കും.

നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പോ പിമ്പോ നടന്ന വിവാഹങ്ങൾ താഴെപ്പറയുന്ന ഏതെങ്കിലും കാരണംകൊണ്ടു് അസാധുവാക്കാവുന്നതും കോടതിക്കു റദ്ദാക്കാവുന്നതുമാണ് :—

1. എതിർകക്ഷി, വിവാഹം നടന്ന സമയത്തു് സന്താനോല്പാദന ശക്തി ഇല്ലാത്ത ആളായിരുന്നു—കോടതിയിൽ പരാതി ബോധിപ്പിക്കുന്ന സമയത്തും അപ്രകാരംതന്നെ ആയിരിക്കയും ചെയ്യുന്നു, എന്ന കാരണം.

2. വിവാഹിതരായവരിൽ ഒരാൾ, വിവാഹം നടന്ന സമയത്തു്, മന്ദബുദ്ധിയോ, ചിത്തഭ്രമം ഉള്ളയാളോ ആയിരുന്നു എന്ന കാരണം.

3. പരാതി ബോധിപ്പിക്കുന്നയാളുടെയോ രക്ഷാകർത്താവിൻെറയോ സമ്മതം, ബലാൽക്കാരമായോ വഞ്ചനാപരമായോ നേടിയിട്ടാണു വിവാഹം നടത്തിയതു്, എന്ന കാരണം. ഇപ്രകാരമുള്ള ബലാല്ക്കാരം നിലയ്ക്കുകയോ വഞ്ചന വെളിപ്പെടുകയോ ചെയ്തിട്ടു് ഒരു വർഷത്തിലധികം കഴിഞ്ഞാണു് പരാതി ബോധിപ്പിക്കുന്നതെങ്കിൽ അതു പരിഗണിക്കുന്നതല്ല. വഞ്ചന വെളിപ്പെട്ടു കഴിഞ്ഞോ, ബലാല്ക്കാരം നിലച്ചുകഴിഞ്ഞോ രണ്ടു കക്ഷികളും പൂർണ്ണസമ്മതത്തോടുകൂടി ഒന്നിച്ചു താമസിച്ചിട്ടുണ്ടെങ്കിൽ, പരാതി പരിഗണിക്കുന്നതല്ല.

4. വിവാഹസമയത്തു്, ഭാര്യ, മററാരെങ്കിലും നിമിത്തം ഗർഭിണിയായിരിക്കുകയും, അക്കാര്യം വിവാഹസമയത്തു് ഭർത്താവിൻെറ അറിവിൽ പെടാതിരിക്കുകയും, അറിവിൽ പെട്ടുകഴിഞ്ഞു്, അയാൾ സ്വമനസ്സാലെ ഭാര്യയോടൊപ്പം താമസിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ വിവാഹം അസാധുവാക്കാം. ഇങ്ങിനെയുള്ള കേസിൽ വിവാഹം നടന്നു് ഒരു വർഷത്തിനുള്ളിൽ പരാതി ബോധിപ്പിച്ചിരിക്കണം.

## വൈവാഹികാവകാശങ്ങളും കോടതിമുഖേനയുള്ള വേർപെടുത്തലും

ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ, ന്യായമായ കാരണംകൂടാതെ മറെറയാളുടെകൂടെയുള്ള സഹവാസം ഉപേക്ഷിക്കുകയാണെങ്കിൽ, ഉപേക്ഷിക്കപ്പെട്ടയാളുടെ പരാതി കേട്ടു്, വൈവാഹികാവകാശങ്ങൾ പുനഃസ്ഥാപിക്കുവാൻ കോടതിക്കു് ഉത്തരവു പുറപ്പെടുവിക്കാവുന്നതാണു്. ബാഹ്യമായ കാരണങ്ങൾകൊണ്ടു് അകന്നു കഴിയുന്ന ഭാര്യാഭർത്താക്കന്മാരെ അനുരഞ്ജിപ്പിക്കുവാനുള്ള മാർഗ്ഗ

മാണിതു്. എന്നാൽ, രണ്ടുവർഷത്തേക്കോ അതിൽ കൂടുതൽ കാലമോ, ഇപ്രകാരമുള്ള കോടതി ഉത്തരവു് അനുസരിക്കപ്പെടുന്നില്ലെങ്കിൽ, ഏതെങ്കിലും ഒരു കക്ഷിയുടെ ആവശ്യപ്രകാരം കോടതിക്കു, വിവാഹം റദ്ദാക്കി, ബന്ധം അവസാനിപ്പിക്കാവുന്നതാണു്. രണ്ടിലൊരാൾ മറെറ ആളിൻെറകൂടെ താമസിക്കാൻ വിസമ്മതിക്കുകയാണെങ്കിൽ, വൈവാഹികാവകാശങ്ങൾ പുനസ്ഥാപിക്കുന്ന ഉത്തരവു് നടപ്പാക്കാൻ നിവ്വാഹമില്ല. ഭാര്യാഭർത്താക്കന്മാരെ കോടതി ഉത്തരവുമൂലം വേർപെടുത്തുന്നതിനാണു് ജുഡീഷ്യൽ സെപ്പറേഷൻ എന്നു പറയുന്നതു്. ഇങ്ങിനെ ചെയ്യുമ്പോൾ വിവാഹം റദ്ദാക്കപ്പെടുന്നില്ല. അതുകൊണ്ടു് ഇത്തരം വേർപെടുത്തൽ വിവാഹമോചനത്തിൽനിന്നു് വ്യത്യസ്തമാണു്. ഒരാൾക്കു് മറെറയാളോടു സഹവാസം ചെയ്യാനുള്ള ബാദ്ധ്യതയിൽനിന്നു മോചനം നല്കുന്നുവെന്നേ ഇതിനത്ഥമുള്ളു. ന്യായയുക്തമായ കാരണങ്ങളുണ്ടെങ്കിൽ, ഏതെങ്കിലും ഒരാൾ ആവശ്യപ്പെടുന്നതിനെ ത്തുടന്നു്, മുൻപറഞ്ഞ പ്രകാരമുള്ള വേർപെടുത്തൽ ഉത്തരവു് പിൻവലിക്കാൻ കോടതിക്കവകാശമുണ്ടു്. കക്ഷികൾക്കു പരസ്പരം യോജിക്കുവാൻ അവസരം നല്കുന്നതിനുള്ള താല്ക്കാലിക നടപടിയാണു് വേർപെടുത്തൽ.

താഴെപ്പറയുന്ന കാരണങ്ങൾ ഏതെങ്കിലും കാണിച്ചു്, വേർപെടുത്തൽ ഉത്തരവിനുവേണ്ടി കോടതിയോടാവശ്യപ്പെടാവുന്നതാണു് :—

1. പരാതി ബോധിപ്പിക്കുന്നതിനു തൊട്ടുമുമ്പു് രണ്ടുവഷം തുടച്ചയായി ഒരാൾ മറെറയാളെ, ന്യായമായ കാരണം കൂടാതെ ഉപേക്ഷിച്ചുപോയിട്ടുണ്ടെങ്കിൽ.

2. മറേറയാളോടൊപ്പം താമസിക്കുന്നതു്, ഉപദ്രവകരമോ, ഹാനികരമോ, ആണെന്നു്, പരാതി ബോധിപ്പിക്കുന്നയാൾക്കു് ഭയം തോന്നത്തക്കവിധം, ക്രൂരമായ പെരുമാററം, മറേറയാളിൽ നിന്നുണ്ടാവുകയാണെങ്കിൽ.

3. പരാതി ബോധിപ്പിക്കുന്നതിനു തൊട്ടുമുമ്പു്, ഒരു വഷത്തിൽ കുറയാത്ത കാലത്തോളം, എതിർകക്ഷി, അത്യുഗ്രമായ കുഷ്ഠരോഗത്തിന്നിരയായിട്ടുണ്ടെങ്കിൽ.

4. എതിർകക്ഷിക്ക് പകരാനിടയുള്ള തരത്തിൽ, ലൈംഗികരോഗം ബാധിച്ചിട്ടുണ്ടെങ്കിൽ. പക്ഷെ, രോഗം, പരാതി ബോധിപ്പിക്കുന്നയാളിൽനിന്നു് മററയാളിലേക്ക പകന്നതായിരിക്കരുതു്.

5. പരാതി ബോധിപ്പിക്കുന്നതിനു തൊട്ടുമുമ്പു് രണ്ടു വഷത്തിൽ കുറയാത്ത കാലത്തോളം എതിർകക്ഷി സ്ഥിരബുദ്ധിയില്ലാത്ത സ്ഥിതിയിൽ ആയിരുന്നുവെങ്കിൽ.

6. വിവാഹകമ്മത്തിനുശേഷം എതിർകക്ഷി മറ്റേതെങ്കിലും വ്യക്തിയുമായി(സ്വന്തം ഭാര്യയോ ഭത്താവോ അല്ലാതെ) ലൈംഗികബന്ധം പുലത്തിയിട്ടുണ്ടെങ്കിൽ.

വിവാഹം നടന്നതു് ഈ നിയമം ഉണ്ടാകുന്നതിനു മുമ്പായാലും, പിമ്പായാലും, വേർപെടുത്താൻ ഉത്തരവു നല്ലാവുന്നതാണു്. ഈ ഉത്തരവുമൂലം വിവാഹബന്ധം അവസാനിക്കുന്നില്ല. കക്ഷികൾ അകന്നു താമസിക്കുകയാണെങ്കിലും, അവക്കു്, അനുരഞ്ജനത്തിനു് അവസരം നല്കുന്ന ഉത്തരവാണിതു്. അനുരഞ്ജനത്തിനു യാതൊരു സാദ്ധ്യതയുമില്ലെന്നു വന്നാൽ, രണ്ടുവഷത്തിനുശേഷം ഏതെങ്കിലും കക്ഷിക്കു് വിവാഹമോചനം ആവശ്യപ്പെടാവുന്നതാണു്.

## വിവാഹമോചനം

ഹിന്ദുനിയമത്തിൽ, ഈ നിയമനിർമ്മാണം വരുത്തിയ ഏററവും പ്രധാനപ്പെട്ട മാററം, വിവാഹമോചനം ഏർപ്പെടുത്തിയതാണു്. മുൻകാലത്തു് വിവാഹമോചനം നേടുവാനുള്ള അവകാശം, ജാതിസംബന്ധമായ മുൻവഴക്കങ്ങളേയും ആചാരത്തെയും ആശ്രയിച്ചാണിരുന്നതു്. ഇന്നത്തെ നിയമമാകട്ടെ, ഏതുതരം വിവാഹത്തിലും, ചില നിശ്ചിതമായ കാരണങ്ങൾ ഉണ്ടെങ്കിൽ, വിവാഹമോചനം നേടാമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭാര്യക്കും ഭത്താവിനും അതിനുള്ള അവകാശം നൽകിയിരിക്കുന്നു.

താഴെപ്പറയുന്ന കാരണങ്ങൾ ഏതെങ്കിലും കാണിച്ചു്, ഭാര്യ

യ്യോ ഭർത്താവിനോ, കോടതിമുഖേന വിവാഹമോചനം ആവശ്യപ്പെടാവുന്നതാണ് :—

രണ്ടിലൊരാൾ 1. വ്യഭിചാരം ചെയ്യുന്നുണ്ടെങ്കിൽ,

2. മതപരിവർത്തനം ചെയ്ത് ഹിന്ദു അല്ലാതായിത്തീർന്നിട്ടുണ്ടെങ്കിൽ,

3. പരാതി ബോധിപ്പിക്കുന്നതിനു തൊട്ടുമുമ്പ് തുടർച്ചയായി മൂന്നുവർഷത്തിൽ കുറയാത്തകാലത്തോളം, സുഖപ്പെടുത്താൻവയ്യാത്ത വിധം ചിത്തഭ്രമം പിടിപെട്ടിരിക്കുകയോ, അത്യുഗ്രമായ കുഷ്ഠരോഗത്തിന്നിരയായിത്തീരുകയോ, പകരുന്ന തരത്തിലുള്ള ലൈംഗികരോഗം ബാധിച്ചിരിക്കുകയോ ചെയ്യുകയാണെങ്കിൽ,

4. ലൗകികജീവിതം ഉപേക്ഷിച്ച് സന്യാസവൃത്തി സ്വീകരിക്കയാണെങ്കിൽ,

5. ഏഴവർഷമായി, ജീവിച്ചിരിക്കുന്നതായി അറിവില്ലെങ്കിൽ,

6. കോടതിമുഖേനയുള്ള വേർപെടുത്തൽ ഉത്തരവുണ്ടായി കഴിഞ്ഞ് രണ്ടുവർഷത്തിലധികമായിട്ടും മറേറയാളുമായി വീണ്ടും ലൈംഗികബന്ധം പുലർത്താതിരിക്കുകയാണെങ്കിൽ,

7. രണ്ടുവർഷത്തിലധികമായി, വൈവാഹികാവകാശങ്ങൾ പുനസ്ഥാപിക്കുവാനുള്ള ഉത്തരവ് അനുസരിക്കാതിരിക്കുകയാണെങ്കിൽ.

ഇതിനുപുറമെ, ഈ നിയമം ഉണ്ടാകുന്നതിനുമുമ്പ് വിവാഹിതയായ ഒരു സ്ത്രീക്ക്, ഭർത്താവ് വീണ്ടും വിവാഹം ചെയ്തുവെന്നോ തന്നെ വിവാഹം ചെയ്ത സമയത്ത് അയാൾക്ക് മററു ഭാര്യയോ ഭാര്യമാരോ ഉണ്ടായിരുന്നുവെന്നോ ഉള്ള കാരണത്താൽ വിവാഹമോചനം നേടാൻ അവകാശം നല്കിയിരിക്കുന്നു. ഇത്തരം പരാതി പരിഗണിക്കപ്പെടണമെങ്കിൽ, പരാതി കൊടുക്കുന്ന സമയത്ത് മറെറാരു ഭാര്യ ജീവിച്ചിരിപ്പുണ്ട് എന്ന് പരാതിക്കാരി തെളിയിക്കേണ്ടതാണ്. വിവാഹകർമ്മം നടന്നതിനുശേഷം

ഭർത്താവു്, ബലാൽസംഗം, പ്രകൃതിവിരുദ്ധഭോഗം എന്നീ കുററങ്ങൾ ചെയ്തു എന്ന കാരണത്താലും ഭാര്യയ്ക്കു് വിവാഹമോചനം ആവശ്യപ്പെടാവുന്നതാണു്.

സാധാരണയായി, വിവാഹം നടന്നു മൂന്നു വഷങ്ങൾ കഴിഞ്ഞതിനുശേഷമേ വിവാഹമോചനത്തിനുള്ള ഹർജി കോടതി പരിഗണിക്കുകയുള്ളു. നിയമപ്രകാരം വിവാഹമോചനം നടന്നു് ഒരുവഷം കഴിഞ്ഞശേഷം, കക്ഷികൾക്കു വീണ്ടും വിവാഹം ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും. എന്നാൽ ആ സമയത്തു്, ഒരു കക്ഷിക്കും, അപ്പീൽ കൊടുക്കാൻ അവകാശമുണ്ടായിരിക്കരുതു്. അല്ലെങ്കിൽ, അപ്പീൽ കൊടുക്കാനുള്ള കാലാവധി കഴിഞ്ഞിരിക്കണം. അതുമല്ലെങ്കിൽ വിവാഹമോചനത്തിനെതിരായി കൊടുത്ത അപ്പീൽ തള്ളിപ്പോയിരിക്കണം.

1955-ലെ ഹിന്ദുവിവാഹനിയമപ്രകാരം വിവാഹമോചനം നേടുക അത്ര എളുപ്പമുള്ള കാര്യമല്ല. വിവാഹമോചന വ്യവസ്ഥ പല പരിമിതികൾക്കും നിബന്ധനകൾക്കും വിധേയമാണു്. ഓരോ കേസിലും കോടതി, രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. (1) കക്ഷികൾ തമ്മിൽ ഗൂഢാലോചന നടത്തിയിട്ടില്ലെന്നും, നടപടികൾ ഉത്തമവിശ്വാസത്തോടെ നടത്തുന്നതാണെന്നും ഉറപ്പു വരുത്തുക. (2) ഓരോ കേസിൻെറയും സാഹചര്യമനുസരിച്ചു്, കക്ഷികൾതമ്മിൽ രഞ്ജിപ്പുണ്ടാക്കാൻ കഴിവുള്ളതെല്ലാം ചെയ്യുക.

### ജീവനാംശവും സംരക്ഷണച്ചെലവും

വിവാഹമോചനത്തിനോ, കോടതിമുഖേനയുള്ള വേർപെടുത്തലിനോ ഉള്ള ഹർജി, വ്യവഹാരത്തിലിരിക്കുന്നകാലത്തു് ഭാര്യയ്ക്കോ ഭർത്താവിനോ കൊടുക്കേണ്ട ജീവനാംശം (Alimony) നിശ്ചയിക്കാൻ കോടതിക്കവകാശമുണ്ടു്. 1956-ലെ ഹിന്ദു പിന്തുടർച്ചാവകാശനിയമം സ്ത്രീകൾക്കും വേണ്ടത്ര സ്വത്തവകാശം നല്കുന്നതുകൊണ്ടു്, ജീവനാംശം ലഭിക്കാൻ ഭർത്താവിനും അവകാശമുണ്ടു്. നിയമപ്രകാരം ഏതെങ്കിലും ഉത്തരവു പുറപ്പെടുവിക്കുന്ന സമയത്തു്, ഭാര്യ ഭർത്താവിനോ, ഭർത്താവു ഭാര്യയ്ക്കോ ഒരു തുക സംരക്ഷണച്ചെലവായി (Maintenance) നൽകുവാൻ കോടതിക്കാ

വശ്യപ്പെടാവുന്നതാണ്. എന്നാൽ ഇതു്, നിശ്ചിതകാലയളവിൽ തുടൎന്നു കൊടുത്തുകൊണ്ടിരിക്കേണ്ടതാണെങ്കിൽ, അതു ലഭിക്കുന്ന കക്ഷി, വിവാഹം ചെയ്യാതിരിക്കുന്നകാലത്തോളമേ കൊടുക്കേണ്ടതുള്ളു.

ഈ നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്ന കോടതിക്കു് പ്രായപൂൎത്തി വരാത്ത കുട്ടികളുടെ സൂക്ഷിപ്പും, സംരക്ഷണവും, വിദ്യാഭ്യാസവും സംബന്ധിച്ചു് ഇടക്കിടെ ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്. തൽസംബന്ധമായ ചട്ടങ്ങൾ ലംഘിക്കുന്നവൎക്കു ശിക്ഷ വിധിക്കാനും കോടതിക്കധികാരമുണ്ടു്.

എല്ലാ ഇന്ത്യക്കാൎക്കും ബാധകമായ ഒരേകീകൃത വിവാഹ നിയമമാണു് 1954-ലെ സ്പെഷ്യൽ മാരേജ് ആക്ററ് അതിലെ വ്യവസ്ഥകൾ ഹിന്ദുക്കൾക്കും ഉപയോഗപ്പെടുത്താവുന്നതാണു്. ഈ നിയമപ്രകാരം വിവാഹിതരാകുന്നവരുടെ പിന്തുടൎച്ചാവകാശവും മററും സംബന്ധിച്ച വ്യവസ്ഥകൾ ഹിന്ദുനിയമത്തിനു വിധേയരായവൎക്കു ബാധകമായ വ്യവസ്ഥകളിൽനിന്നു പല പ്രധാന കാര്യങ്ങളിലും വ്യത്യസ്തമാണു്. 1925-ലെ ഇന്ത്യൻ പിന്തുടൎച്ചാവകാശനിയമമാണു് അവയെ നിയന്ത്രിക്കുന്നതു്.

## അദ്ധ്യായം 3

# പിന്തുടൎച്ചാവകാശനിയമം

ഹിന്ദുനിയമത്തിലെ ഏററവും പ്രധാനവും അതേസമയം ഏററവും കുഴപ്പം പിടിച്ചതുമായ ഭാഗമാണു് പിന്തുടൎച്ചാവകാശം. മരണശാസനം അഥവാ വിൽപത്രം എഴുതിവയ്ക്കാതെ മരിക്കുന്നയാളുടെ സ്വത്തിനു് അവകാശിയാകുന്നതിനാണു് ഇന്റെസ്റ്റേറ്റ് സക്സെഷൻ എന്നു പറയുന്നതു്. പിന്തുടൎച്ചാവകാശം സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ 1925-ലെ ഇന്ത്യൻ പിന്തുടൎച്ചാവകാശനിയമത്തിൽ അടങ്ങിയിരിക്കുന്നു, എന്നാൽ ഈ നിയമം ഹിന്ദുക്കൾ, ബുദ്ധമതക്കാർ, ജൈനർ, സിക്കുകാർ

എന്നിവരുടെ സ്വത്തിനു ബാധകമല്ല. അവരെ ബാധിക്കുന്ന വ്യക്തിപരമായ നിയമം (personal law) പ്രത്യേകമുണ്ട്. അതനുസരിച്ചാണ് അവരുടെ സ്വത്തവകാശം — വിൽപത്രമെഴുതിക്കാതെ മരണമടയുന്നവരുടെ കാര്യത്തിൽ — നിശ്ചയിക്കുന്നതു്. പ്രാചീന ഹിന്ദുനിയമത്തിൽ, വിൽപത്രപ്രകാരം അവകാശികൾ സ്വത്തു ഭാഗിച്ചെടുക്കുന്ന ഏർപ്പാടില്ലായിരുന്നു. 1956-ലെ ഹിന്ദുപിന്തുടർച്ചാവകാശനിയമത്തിലെ സ്വത്തവകാശവ്യവസ്ഥകളുടെ സംഗ്രഹം താഴെ ചേർക്കുന്നു :

## സ്ത്രീകളും പൂർവ്വസ്വത്തവകാശവും—ഹിന്ദുനിയമത്തിൽ

ഹിന്ദുക്കളുടെയിടയിൽ പൂർവ്വസ്വത്തു ഭാഗം വയ്ക്കുന്നതു സംബന്ധിച്ചു് പ്രധാനമായി രണ്ടു സമ്പ്രദായങ്ങളാണുണ്ടായിരുന്നതു്. മിതാക്ഷരവും, ദായഭാഗവും. ദായഭാഗസമ്പ്രദായം ബംഗാളിലെ ഹിന്ദുക്കൾക്കു ബാധകമായിരുന്നു. മിതാക്ഷരസമ്പ്രദായവും അതിൻെറ വകഭേദങ്ങളുമാണ് രാജ്യത്തിന്റെ മററു ഭാഗങ്ങളിലുള്ള ഹിന്ദുക്കൾക്കു ബാധകമായിരുന്നതു്. പൂർവ്വസ്വത്തവകാശം സംബന്ധിച്ചുണ്ടായിരുന്ന മററു സമ്പ്രദായങ്ങളാണ് മരുമക്കത്തായം, അളിയസന്താനം, നമ്പൂതിരിസമ്പ്രദായം എന്നിവ. ഒടുവിൽ പറഞ്ഞതു് ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ തീരത്തുള്ള ചില ജനവിഭാഗങ്ങൾക്കുമാത്രം ബാധകമായിരുന്നു. മിതാക്ഷരസമ്പ്രദായത്തിൽ പൂർവ്വസ്വത്തു കൈമാറുന്നതിനു് അംഗീകൃതമായ രണ്ടു വിധങ്ങളുണ്ടായിരുന്നു. ഒന്നു്, അതിജീവിക്കുന്ന ദായാദികൾക്കു് കൂട്ടുകുടുംബസ്വത്തിന്മേൽ ലഭിക്കുന്ന അവകാശപ്രകാരം. രണ്ടു്, സ്വയാർജ്ജിതസ്വത്തിന്മേലുള്ള പിന്തുടർച്ചാവകാശപ്രകാരം. ദായഭാഗസമ്പ്രദായത്തിൽ പിന്തുടർച്ചാവകാശപ്രകാരം മാത്രമേ സ്വത്തു കൈമാറിയിരുന്നുള്ളു. അതിജീവിക്കുന്നയാൾക്കു പൂർവ്വസ്വത്തിന്മേലുള്ള അവകാശം ദായഭാഗത്തിൽ അംഗീകൃതമല്ല.

മിതാക്ഷരവും ദായഭാഗവുംതമ്മിൽ മൗലികമായ രണ്ടു വ്യത്യാസങ്ങളുണ്ടായിരുന്നു :

രക്തബന്ധംകൊണ്ടുള്ള അടുപ്പമായിരുന്നു മിതാക്ഷരത്തിലെ പ്രബലമായ പ്രമാണം. ദായഭാഗത്തിലാകട്ടെ, മതപരമായ യോഗ്യതയായിരുന്നു.

മിതാക്ഷരത്തിൽ കൂട്ടസ്വത്തും, പ്രത്യേക സ്വത്തും കൈമാറുന്നതിനു വേറെവേറെ മാർഗ്ഗങ്ങളുണ്ടായിരുന്നു. ദായഭാഗത്തിൽ സ്വത്തു്, സ്വയാർജ്ജിതമായാലും, പൂർവ്വാർജ്ജിതമായാലും, അതു്, അനന്തിരാവകാശികൾക്കു കൈമാറുന്ന രീതി ഒന്നുതന്നെ. മിതാക്ഷരസമ്പ്രദായത്തിൽ, കൂട്ടകുടുംബ സ്വത്തിനെ സംബന്ധിച്ചു്, നിയമപരമായി പ്രത്യേക ഏർപ്പാടുകളുണ്ടായിരുന്നു. കൂട്ടകുടുംബത്തിലെ ഓരോ അംഗത്തിനും, ജനിക്കുമ്പോൾതന്നെ, കുടുംബത്തിലെ പൂർവ്വാർജ്ജിത സ്വത്തിന്മേൽ അവകാശമുണ്ടായിരുന്നു. ജന്മംകൊണ്ടു് അയാൾ പൂർവ്വാർജ്ജിതസ്വത്തിൻെറ കൂട്ടവകാശിയായി തീരുന്നു. കൂട്ടകുടുംബത്തിലെ പുരുഷന്മാരായ അംഗങ്ങളെല്ലാം—അച്ഛൻ, ആൺമക്കൾ, അവരുടെ പുത്രന്മാർ—കൂട്ടവകാശികൾ അഥവാ ദായാദികളാണു്. മരണമടയുന്ന ആളുടെ പൂർവ്വാർജ്ജിത സ്വത്തു് ജീവിച്ചിരിക്കുന്ന അവകാശികൾക്കു വീതിക്കപ്പെടുന്നു. ഭാഗം ചെയ്യുന്നതിനുമുമ്പു് ഓരോരുത്തരുടെയും പങ്കു് അനിശ്ചിതവും, അവിഭക്തസ്വത്തിൻെറ ഒരു ഭാഗവുമായിരിക്കും. ദായാദികളിൽ ഒരാൾ, കുടുംബസ്വത്തു് ഭാഗം ചെയ്യുന്നതിനുമുൻപു് മരിക്കുകയും, അയാൾക്കു പുത്രന്മാരില്ലാതിരിക്കുകയും ചെയ്താൽ അയാളുടെ ഭാഗം, ശേഷിച്ച ദായാദികൾക്കു് അവകാശപ്പെട്ടതാകുന്നു, അങ്ങിനെ അവരുടെ പങ്കു വർദ്ധിക്കുന്നു. കൂട്ടകുടുംബത്തിൽ പുതുതായി ഒരു പുരുഷാംഗം ജനിക്കുമ്പോൾ കൂട്ടവകാശികളുടെ എണ്ണം വർദ്ധിക്കുന്നു. സ്ത്രീകൾക്കു സ്വത്തിൽ കൂട്ടവകാശമില്ല കൂട്ടകുടുംബസ്വത്തിനു കൂട്ടവകാശികളാകുന്നതു് അച്ഛൻ, പുത്രന്മാർ, നേരത്തെ മരിച്ചുപോയ പുത്രന്റെ പുത്രന്മാർ—മൂന്നാം തലമുറവരെ—എന്നിവരാണു്. അവർക്കു് ജനിക്കുമ്പോൾതന്നെ പൂർവ്വസ്വത്തിൽ അവകാശം ലഭിക്കുന്നു. സ്വത്തു ഭാഗം വയ്ക്കുമ്പോൾ അവരുടെ ഓഹരി എത്രമാത്രമെന്നു കൃത്യമായി നിശ്ചയിക്കപ്പെടുന്നു. മിതാക്ഷരസമ്പ്രദായവും ദായഭാഗസമ്പ്രദായവും ഒരേ 'സ്മൃതി' സൂത്രങ്ങളെയാണു് ആധാരമാക്കിയിട്ടുള്ളതു്. പക്ഷെ, മിതാക്ഷരത്തിൻെറ കർത്താവായ, വിജ്ഞാനേശ്വരനും, ദായഭാഗത്തിൻെറ കർത്താവായ ജീമൂതവാഹനനും, മനുവിൻെറയും, യാജ്ഞവൽക്യൻെറയും പ്രമാണങ്ങൾക്കു വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ നല്കി. മരണശാസനമില്ലാത്തപ്പോൾ പൂർവ്വസ്വത്തു കൈമാറുന്നതു സംബന്ധിച്ചു് ഹിന്ദുനിയമത്തിൽ രണ്ടു സമ്പ്രദായങ്ങൾ നിലവിൽ വന്നതു് മേൽപ്പറഞ്ഞ വ്യാഖ്യാനഭേദങ്ങൾനിമിത്തമാണു്.

'സ്മൃതി'യിൽ കാണുന്ന 'സപിണ്ഡ' എന്ന സംസ്കൃതശബ്ദത്തിനു് രണ്ടു വ്യാഖ്യാതാക്കളും വ്യത്യസ്തമായ അർത്ഥങ്ങൾ കല്പിച്ചു. ദായഭാഗത്തിൽ, മരിച്ചുപോയ ആളുടെ ആത്മശാന്തിക്കു വേണ്ടി മരണാനന്തരക്രിയകൾ—നിവേദ്യം മുതലായവ—നടത്താൻ യോഗ്യതയുള്ള ആളാണു് അയാളുടെ പിന്തുടർച്ചാവകാശിയായിത്തീരുന്നതു്. മിതാക്ഷരത്തിൽ 'സപിണ്ഡ'ശബ്ദത്തിനു് 'രക്തകണിക' എന്നാണർത്ഥം കല്പിച്ചിരിക്കുന്നതു്—അതായതു് രക്തബന്ധം. മിതാക്ഷരത്തിൽ, മതകർമ്മാനുഷ്ഠാനത്തിന്റെ അടിസ്ഥാനത്തിലല്ല പിന്തുടർച്ചയ്ക്കുള്ള യോഗ്യത നിശ്ചയിക്കുന്നതു്. നേരേമറിച്ചു്, അവകാശികളാരെന്നു നിശ്ചയിക്കുന്നതിൽ രക്തബന്ധമാണു് നിർണ്ണായകഘടകം. മരണാനന്തരക്രിയകൾ നടത്താനുള്ള യോഗ്യതയ്ക്കു പ്രസക്തിയില്ല. പക്ഷെ, മിതാക്ഷരത്തിൽ തന്നെ പല വകഭേദങ്ങളുണ്ടായിരുന്നു. ബോംബെ സമ്പ്രദായം, ബനാറസ് സമ്പ്രദായം, മദ്രാസ് സമ്പ്രദായം, മിഥിലസമ്പ്രദായം, മയൂഖസമ്പ്രദായം എന്നിങ്ങിനെ. മരണശാസനംകൂടാതെ മൃതിയടയുന്ന ഹിന്ദുവായ ഒരു പുരുഷന്റെ സ്വത്തു കൈമാറുന്നതുസംബന്ധിച്ചുള്ള ദായക്രമം ഓരോ വകഭേദത്തിലും ഓരോ തരത്തിലായിരുന്നു.

പൊതുവെ പറഞ്ഞാൽ, ഹിന്ദുനിയമം, സ്ത്രീകൾക്കു് പൂർണ്ണസ്വത്തവകാശം നല്കിയിരുന്നില്ല. എന്നാൽ വിധവയ്ക്കും, പുത്രിക്കും, മാതാവിനും മററും ഭാഗം നൽകുന്ന പതിവുകൾ നിലനിന്നിരുന്നു. പക്ഷെ, ഇപ്രകാരം വിധവയ്ക്കും മററും ലഭിക്കുന്ന സ്വത്തിന്മേൽ അവർക്കുള്ള അധികാരം പരിമിതമായിരുന്നു. അവരുടെ മരണാനന്തരം ആ സ്വത്തു് മുൻപു് അതിനുടമസ്ഥനായിരുന്ന പുരുഷന്റെ അവകാശികൾക്കു് (Reversioners) തിരിച്ചു നല്കപ്പെടണമെന്നായിരുന്നു നിയമം. ഇപ്രകാരം പരിമിതാധികാരത്തോടുകൂടി ഹിന്ദുസ്ത്രീകൾക്കു ലഭിക്കുന്ന സ്വത്തു് പലപ്പോഴും നഷ്ടഹേതുകമായ വ്യവഹാരത്തിനു വഴി തെളിച്ചിരുന്നു. പുരുഷനിൽനിന്നു സ്ത്രീക്കു മുൻപറഞ്ഞപ്രകാരം ലഭിക്കുന്ന സ്വത്തു് അന്യാധീനപ്പെടുത്തുവാൻ അവർക്കുള്ള അധികാരവും പരിമിതമായിരുന്നു.

എന്നാൽ സ്ത്രീക്കു് പൂർണ്ണമായ ഉടമസ്ഥാവകാശമുള്ള സ്ത്രീധനം, ഹിന്ദുനിയമത്തിൽ അംഗീകരിക്കപ്പെട്ടിരുന്നു. സ്ത്രീധനത്തിന്റെ

അനന്തരാവകാശം സംബന്ധിച്ച് വിവിധ നിബന്ധനകളുണ്ടായിരുന്നു. സ്ത്രീധനം ലഭിച്ച രീതി, മരണസമയത്ത് സ്ത്രീയുടെ പദവി, അനന്തരാവകാശികളുടെ പദവി മുതലായവ പരിഗണിച്ച് അനുയോജ്യമായ നിബന്ധനകൾ അനുസരിക്കപ്പെട്ടുപോന്നു. സ്ത്രീധനത്തിൻെറ അനന്തരാവകാശം സംബന്ധിച്ച ദായക്രമം എപ്പോഴും ഒരുപോലെയായിരുന്നില്ല. അച്ഛൻെറ മരണശേഷം സ്വത്തു ഭാഗം ചെയ്യുമ്പോൾ ഭാര്യയ്ക്കും, അമ്മയ്ക്കും മുത്തശ്ശിക്കും ഒരു ഭാഗം നല്കാനും—പൂർണ്ണമായ ഉടമസ്ഥാവകാശങ്ങളോടുകൂടിയല്ലെങ്കിലും—ഹിന്ദുനിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു.

കേരളത്തിലെ മരുമക്കത്തായം സംബന്ധിച്ച നിയമങ്ങൾ, മദ്രാസ് നിയമസഭയുടെയും മുമ്പത്തെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും നിയമസഭകളുടെയും നിയമനിർമ്മാണങ്ങൾവഴി കുറെയൊക്കെ ക്രമപ്പെടുത്തുകയുണ്ടായി. പെൺവഴിക്കുള്ള പിന്തുടർച്ചാവകാശമാണ് ഈ നിയമങ്ങൾ പൊതുവെ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ ഇന്ത്യയുടെ ഇതരഭാഗങ്ങളിലെ സമ്പ്രദായങ്ങളിൽനിന്നു വ്യത്യസ്തമായി, ഈ സമ്പ്രദായത്തിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമായ അവകാശങ്ങൾ നൽകപ്പെട്ടു. പുത്രിമാർക്കും പുത്രന്മാർക്കും തുല്യമായ പങ്കു ലഭിച്ചിരുന്നു. പക്ഷെ, നമ്പൂതിരിനിയമത്തിൽ, വിവാഹിതരായ പെൺമക്കൾക്ക്, പുത്രനോടും വിധവയോടുമൊപ്പം പൂർവ്വസ്വത്തവകാശം നൽകിയിരുന്നില്ല.

## പുതിയ പിന്തുടർച്ചാവകാശനിയമം

1956-ലെ ഹിന്ദുപിന്തുടർച്ചാവകാശനിയമം, വളരെ പ്രധാനവും, ദൂരവ്യാപകവുമായ ഒരു പരിഷ്ക്കാരമത്രെ. കഴിഞ്ഞ കാലത്തെ ചട്ടങ്ങളിൽനിന്നും നടപടികളിൽനിന്നും അതിനെ വേർതിരിച്ചു നിറുത്തുന്ന പ്രധാന തത്ത്വങ്ങൾ താഴെപ്പറയുന്നവയാണ് :

1. മരിച്ചയാൾ സ്വത്തിന്റെ വിഭജനംസംബന്ധിച്ചു മരണശാസനം എഴുതിവച്ചിട്ടില്ലാത്തപ്പോൾ, പിൻമുറക്കാർക്കു സ്വത്തു കൈമാറേണ്ടതെപ്രകാരമായിരിക്കണം എന്നതു സംബന്ധിച്ച്, എല്ലാ ഹിന്ദുക്കൾക്കും ബാധകമായ, ഒരേകീകൃത വ്യവസ്ഥ, ഈ നിയമം നൽകുന്നു.

2. അതു്, പെൺമക്കൾക്കും പൂർവ്വസ്വത്തവകാശം നല്കുന്നു. സ്വത്തവകാശം സംബന്ധിച്ചു് പുരുഷന്മാരും സ്ത്രീകളുംതമ്മിലു ണ്ടായിരുന്ന അസമത്വങ്ങൾ നീക്കിയിരിക്കുന്നു.

3. മരണശാസനത്തിൻെറ അഭാവത്തിൽ, പൂർവ്വസ്വത്തിനു് അവകാശികളാകുന്നവരുടെ പട്ടിക നല്കിയിരിക്കുന്നു. ഇപ്രകാരം അവകാശികളെ നിശ്ചയിച്ചിരിക്കുന്നതു് സ്നേഹബന്ധത്തിന്റെയും വാത്സല്യത്തിൻെറയും അടിസ്ഥാനത്തിലാണു്—മതകർമ്മാനുഷ്ഠാനം നൽകുന്ന യോഗ്യതയോ, പിതൃവഴിക്കും, മാതൃവഴിക്കുമുള്ള ബന്ധമോ നിർണ്ണായകമായി വരുത്തുന്നില്ല.

## പ്രധാന പ്രത്യേകതകൾ

ഹിന്ദുപിന്തുടർച്ചാവകാശനിയമം, ഹിന്ദുകോഡിൻെറ രണ്ടാം ഭാഗമായിരുന്നു. മരണശാസനത്തിൻെറ അഭാവത്തിൽ അനന്തരാവകാശം നിർണ്ണയിക്കുന്ന നിയമം, ഭേദഗതി ചെയ്യുകയും ക്രമപ്പെടുത്തുകയുമാണു്, ഇതു ചെയ്തിരിക്കുന്നതു്. ഹിന്ദുക്കളെ സംബന്ധിച്ച പിന്തുടർച്ചാവകാശനിയമം, കഴിയുന്നേടത്തോളം ലളിതമാക്കാനും ഏകീകരിക്കാനുമുള്ള ഒരു ശ്രമമാണിതു്. ഇതിൻെറ ചില സവിശേഷതകൾ താഴെക്കൊടുക്കുന്നു :

1. മരിച്ചുപോയ ഒരു കൂട്ടവകാശക്കാരനു് കൂട്ടുസ്വത്തിൽ ഉള്ള ഓഹരി, പിന്തുടർച്ചയായി ലഭിക്കാനുള്ള അവകാശം ചില സ്ത്രീകൾക്കു നല്കിയിരിക്കുന്നു. (ആറാം വകുപ്പു്)

2. മരിച്ചുപോയ ആളിൻെറ സ്വത്തു പിൻമുറക്കാർക്കു കൈമാറുന്നതു സംബന്ധിച്ചു് ഹിന്ദുനിയമത്തിലെ ദായഭാഗസമ്പ്രദായത്തിലും, മിതാക്ഷരസമ്പ്രദായത്തിലും ഉണ്ടായിരുന്ന വ്യത്യസ്ത വ്യവസ്ഥകൾ ഇല്ലാതാക്കി. അതിനു പകരം, ഏകീകൃതമായ ഒരു പിന്തുടർച്ചാവകാശനിയമം നടപ്പിൽ വരുത്തിയിരിക്കുന്നു. (വകുപ്പുകൾ 8, 15, 17)

3. എല്ലാ സ്ത്രീകൾക്കും അനന്തരാവകാശമായി ലഭിക്കുന്ന സ്വത്തിന്മേൽ, അവർക്കു്, പരിപൂർണ്ണമായ ഉടമസ്ഥത നല്കിയിരിക്കുന്നു. ഈ നിയമം പാസ്സാകുന്നതിനുമുമ്പു് ലഭിച്ചിട്ടുള്ള സ്വത്തിന്മേലും അവർക്കു് ഉടമസ്ഥാധികാരം ഉണ്ടായിരിക്കും. (14-ാം വകുപ്പു്)

4. സ്ത്രീധനസമ്പ്രദായവും സ്ത്രീധനത്തിന്റെ അനന്തരാവകാശം സംബന്ധിച്ച നിബന്ധനകളും ഇല്ലാതാക്കിയിരിക്കുന്നു.

5. പുരുഷന്മാരും, സ്ത്രീകളുമായ അവകാശികൾക്കു് തുല്യസ്ഥാനം നല്കിയിരിക്കുന്നു. (വകുപ്പുകൾ 8, 15, 16, 17)

6. രോഗം, അംഗവൈകല്യം മുതലായ കാരണങ്ങളാൽ സ്വത്തവകാശം നിഷേധിക്കുന്ന പതിവു് അവസാനിപ്പിച്ചിരിക്കുന്നു. (28-ാം വകുപ്പു്)

7. മിതാക്ഷരസമ്പ്രദായത്തിൽപ്പെട്ട കൂട്ടുസ്വത്തിൽ ഹിന്ദുവായ ഒരു പുരുഷനുള്ള ഓഹരി, വിൽപ്പത്രപ്രകാരം മററുള്ളവർക്കു കൊടുക്കുവാൻ അയാൾക്കു് അധികാരം നല്കിയിരിക്കുന്നു. (30-ാം വകുപ്പു്)

### ചില പ്രധാന വ്യവസ്ഥകൾ

ഒരു ഹിന്ദുപുരുഷന്റെ സ്വത്തു്, അയാൾ സ്വയം ആർജ്ജിച്ചതോ, മിതാക്ഷര കൂട്ടുകുടുംബസ്വത്തിൽനിന്നു് അയാൾക്കു ലഭിക്കാവുന്ന പങ്കോ, അതു രണ്ടും ചേർന്നതോ ആകാം. ദാനമായി ലഭിച്ച സ്വത്തും, വിദ്യകൊണ്ടോ, വൈദഗ്ദ്ധ്യംകൊണ്ടോ, വ്യാപാരംകൊണ്ടോ സമ്പാദിച്ച സ്വത്തും കൂട്ടുകുടുംബസ്വത്തും, ഭാഗം ചെയ്തപ്പോൾ ലഭിച്ച സ്വത്തും, അയാളുടെ പ്രത്യേക—സ്വയാർജ്ജിത—സ്വത്തായി കണക്കാക്കുന്നു. ഇപ്രകാരമുള്ള സ്വത്തു് അനന്തരാവകാശികൾക്കു കിട്ടുന്നതു് നിയമത്തിൽ പറഞ്ഞിട്ടുള്ള അവകാശികളുടെ പട്ടികയനുസരിച്ചായിരിക്കും. കൂട്ടുകുടുംബസ്വത്തിൽ (ഭാഗത്തിനുമുമ്പു്) കൂട്ടവകാശിക്കുള്ള പങ്കു് നിയമപ്രകാരം നിശ്ചിതമല്ല ; ആ സ്വത്തിന്റെ ഏതെങ്കിലും ഭാഗം സ്വന്തമായി കൈവശം വയ്ക്കാൻ അയാൾക്കവകാശവുമില്ല. എങ്കിലും അനന്തരാവകാശത്തെ സംബന്ധിച്ചിടത്തോളം അയാളുടെ പങ്കു് നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഒരു പ്രത്യേക ചട്ടമുണ്ടു്. അയാളുടെ മരണാനന്തരം അയാളുടെ അനന്തരാവകാശിയായ ഒരു സ്ത്രീയോ, സ്ത്രീയിൽക്കൂടി അവകാശിയായിത്തീർന്നിട്ടുള്ള പുരുഷനോ ഉണ്ടായിരിക്കുമ്പോഴാണു് ഈ പ്രത്യേക ചട്ടം പ്രയോഗത്തിൽ വരുന്നതു്. ഇപ്രകാരം ഒരു സ്ത്രീയോ സ്ത്രീയിൽക്കൂടി അവകാശപ്പെടുന്ന പുരുഷനോ ഇല്ലാത്തപക്ഷം, അതിജീവിക്കുന്നയാളു

കൾക്കു് സ്വത്തു വീതിക്കപ്പെട്ടുക എന്ന പ്രമാണം (rule of survivorship) തന്നെ പ്രബലമായിരിക്കും. മരണമടയുന്ന കൂട്ടവകാശിക്കു് മുൻപറഞ്ഞപ്രകാരമുള്ള അനന്തരാവകാശികളുണ്ടെങ്കിൽ, അയാൾക്കു കൂട്ടുകുടുംബസ്വത്തിൽനിന്നു ലഭിക്കാവുന്ന പങ്കു്, പ്രത്യേക ചട്ടപ്രകാരം നിശ്ചയിക്കപ്പെടുന്നു. മരണത്തിനു തൊട്ടു മുമ്പു് അയാൾ കൂട്ടുസ്വത്തിൻെറ ഭാഗംവയ്പ്പൽ ആവശ്യപ്പെട്ടിരുന്നുവെങ്കിൽ, കൂട്ടുസ്വത്തിൽനിന്നു് അയാൾക്കു് എന്തു കിട്ടുമായിരുന്നോ അതാണു് അയാളുടെ പങ്കായി കണക്കാക്കുക. ഇപ്രകാരമുള്ള പങ്കു്, നിയമത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം അനന്തരാവകാശികൾക്കു വാങ്ങിച്ചുകൊടുക്കേണ്ടതാണു്. കൂട്ടുകുടുംബ സ്വത്തിൽനിന്നു പുത്രനു് മൊത്തത്തിൽ ലഭിക്കുന്ന പങ്കു്, പുത്രിയുടെ പങ്കിനേക്കാൾ കൂടുതലായിരിക്കും. പൂർവ്വാർജ്ജിതമായ കൂട്ടുകുടുംബസ്വത്തിൽ ആൺമക്കൾക്കു ജന്മനാതന്നെ അവകാശം ലഭിക്കുന്നേടത്തോളംകാലം ഈ നില ഒഴിവാക്കാൻ നിവ്വാഹമില്ല.

കൂട്ടുകുടുംബസ്വത്തിൽനിന്നു തൻെറ പങ്കു വാങ്ങി പിരിഞ്ഞുപോയ ഒരാൾ, അച്ഛൻെറ മരണശേഷം വീണ്ടും ഭാഗം അവകാശപ്പെടുന്നതിനെ നിയമം വ്യക്തമായി നിരോധിച്ചിട്ടുണ്ടു്. മുൻപറഞ്ഞപോലെ മരണമടയുന്ന കൂട്ടവകാശിയുടെ കൂട്ടുകുടുംബസ്വത്തിലുള്ള ഓഹരി അയാളുടെ സ്വയാർജ്ജിതസ്വത്തുപോലെതന്നെ അനന്തരാവകാശികൾക്കു നൽകപ്പെടുന്നതാണു്. ദായഭാഗസമ്പ്രദായത്തിൽ ആരും ജന്മംകൊണ്ടു് സ്വത്തിൻെറ അവകാശിയായിത്തീരുന്നില്ല. അതുകൊണ്ടു് മരിച്ചുപോയ ആളുടെ സ്വത്തു് നിയമത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനകളനുസരിച്ചു് അനന്തരാവകാശികൾക്കു വീതിച്ചുകിട്ടുന്നതാണു്.

### മുൻഗണനയുള്ള ഒന്നാംതരം അവകാശികൾ

മരണമടയുന്ന ഹിന്ദുപുരുഷൻെറ അനന്തരാവകാശികളെ നിയമത്തിൻെറ പട്ടികയിൽ രണ്ടു തരക്കാരായി തിരിച്ചിട്ടുണ്ടു്. ഹിന്ദുവായ പുരുഷൻ മരണമടയുമ്പോൾ അയാളുടെ സ്വത്തിനു് അവകാശികളാകുന്നവരിൽ ഒന്നാംതരക്കാരായ അവകാശികൾ, പുത്രൻ, പുത്രി, വിധവ, അമ്മ എന്നിവരാണു്. അവർക്കെല്ലാം തുല്യമായ പങ്കു ലഭിക്കുന്നു. ഒന്നിലധികം വിധവമാരുണ്ടെങ്കിൽ

അവക്ക് എല്ലാവർക്കുംകൂടി ഒരു പങ്കേ ലഭിക്കുകയുള്ളു. (1955-ലെ ഹിന്ദുവിവാഹനിയമം ഉണ്ടായതിനുശേഷം നടന്ന വിവാഹങ്ങളിൽ ഇങ്ങിനെയൊരു സ്ഥിതിവിശേഷം ആവിർഭവിക്കുകയില്ല; കാരണം, ആ നിയമം അംഗീകരിച്ചിട്ടുള്ളതു് ഏകഭാര്യാസമ്പ്രദായമാണു്.)

ഒരു പുത്രനോ പുത്രിയോ അച്ഛനുമുമ്പായി മരണമടഞ്ഞുവെന്നു വരാം. അങ്ങിനെ സംഭവിക്കുമ്പോൾ, മരണമടഞ്ഞ പുത്രനു കിട്ടേണ്ട പങ്കു് അയാളുടെ വിധവയ്ക്കും, പുത്രന്മാർക്കും, പുത്രിമാർക്കും തുല്യമായി വീതിച്ചുകൊടുക്കേണ്ടതാണു്. അതുപോലെ തന്നെ ഒരു പുത്രി അച്ഛനുമുമ്പായി മരണമടയുകയാണെങ്കിൽ, അവൾക്കു കിട്ടേണ്ട പങ്കു്, അവളുടെ പുത്രന്മാർക്കും, പുത്രിമാർക്കും തുല്യമായി വീതിച്ചുകൊടുക്കേണ്ടതാണു്.

ഇപ്പോഴത്തെ നിയമം പാസ്സാകുന്നതിനുമുമ്പു് ഒന്നാംതരക്കാരായ ആറു് അനന്തരാവകാശികളാണുണ്ടായിരുന്നതു്. അതായതു്, (1) പുത്രൻ (2) നേരത്തെ മരിച്ചുപോയ പുത്രൻെറ പുത്രൻ. (3) മരിച്ചുപോയ പുത്രന്റെ പുത്രനും മരിച്ചുപോയെങ്കിൽ അയാളുടെ പുത്രൻ. (4) മരിച്ചുപോയ ആളുടെ വിധവ. (5) മരിച്ചുപോയ പുത്രൻെറ വിധവ. (6) മരിച്ചുപോയ പുത്രൻെറ പുത്രനും മരിച്ചുപോയെങ്കിൽ അയാളുടെ വിധവ.

1956-ലെ ഹിന്ദുപിന്തുടർച്ചാവകാശ നിയമമനുസരിച്ചു് മേൽപറഞ്ഞവർക്കു പുറമെ 6 അവകാശികൾകൂടി ഉണ്ടായിരിക്കും: (1) അമ്മ. (2) പുത്രി. (3) നേരത്തെ മരിച്ചുപോയ പുത്രിയുടെ പുത്രി. (4) മരിച്ചുപോയ പുത്രിയുടെ പുത്രൻ (5) മരിച്ചുപോയ പുത്രൻെറ പുത്രി. (6) മരിച്ചുപോയ പുത്രൻെറ പുത്രനും മരിച്ചുവെങ്കിൽ അയാളുടെ പുത്രി.

അങ്ങിനെ നിയമത്തിൻെറ പട്ടികയിൽ ഒന്നാംതരത്തിൽപെട്ട 12 അവകാശികളാണുള്ളതു്.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. മക്കളുടെ മക്കളും, അവരുടെ മക്കളും അവകാശികളായിത്തീരുന്നതു്, അവരുടെ മാതാപിതാക്കൾ ഇല്ലാത്തപ്പോൾ മാത്രമാണു്. പ്രതിനിധികൾ എന്ന നിലയ്ക്കുള്ള അവകാശികളാണവർ. മുൻപറഞ്ഞ 12 ജാതി

അവകാശികളും ഒരേ സമയത്തുണ്ടായിരിക്കുക അപൂർവ്വമാണു്. ഒന്നാം തരത്തിൽപെട്ട അവകാശികൾ ഒന്നിച്ചു് അവകാശികളായിത്തീരുന്നതും, അവരുള്ളപ്പോൾ മററവകാശികൾക്കു സ്ഥാനമില്ലാത്തതുമാണു്.

### രണ്ടാം തരത്തിൽപെട്ട അവകാശികൾ

ഒന്നാം തരത്തിൽപെട്ട അവകാശികൾ ആരും ഇല്ലാതിരുന്നാൽ രണ്ടാം തരത്തിൽപെട്ട അവകാശികൾ, താഴെക്കൊടുത്തിരിക്കുന്ന ക്രമത്തിൽ സ്വത്തിൻെറ അവകാശക്കാരായിത്തീരും :

(1) അച്ഛൻ. (2) പുത്രന്റെ പുത്രിയുടെ പുത്രൻ, പുത്രന്റെ പുത്രിയുടെ പുത്രി, സഹോദരൻ, സഹോദരി. (3) പുത്രിയുടെ പുത്രൻെറ പുത്രൻ, പുത്രിയുടെ പുത്രൻെറ പുത്രി, പുത്രിയുടെ പുത്രിയുടെ പുത്രൻ, പുത്രിയുടെ പുത്രിയുടെ പുത്രി. (4) സഹോദരൻെറ പുത്രൻ, സഹോദരിയുടെ പുത്രൻ, സഹോദരൻെറ പുത്രി, സഹോദരിയുടെ പുത്രി. (5) അച്ഛൻെറ അച്ഛൻ, അച്ഛൻെറ അമ്മ. (6) അച്ഛന്റെ വിധവ, സഹോദരന്റെ വിധവ. (7) അച്ഛൻെറ സഹോദരൻ, അച്ഛൻെറ സഹോദരി. (8) അമ്മയുടെ അച്ഛൻ, അമ്മയുടെ അമ്മ. (9) അമ്മയുടെ സഹോദരൻ, അമ്മയുടെ സഹോദരി.

രണ്ടാം തരത്തിലെ ഒരക്കത്തിൽ പറയുന്ന അവകാശികളുള്ളപ്പോൾ മററക്കങ്ങളിൽ പറയുന്ന അവകാശികൾക്കു സ്ഥാനമില്ല. ഒരക്കത്തിൽ പറയുന്ന എല്ലാ അവകാശികൾക്കും തുല്യമായ പങ്കു ലഭിക്കും. ഈ പട്ടികയിൽ സഹോദരനെന്നും സഹോദരിയെന്നും പറയുന്നതിൽ, അമ്മയൊന്നും അച്ഛൻ രണ്ടുമായുള്ള സഹോദരീസഹോദരന്മാർ ഉൾപ്പെടുന്നില്ല.

### ഗോത്രജരും ബന്ധുക്കളും (Agnates and Cognates)

പട്ടികയിലെ രണ്ടാം വിഭാഗത്തിലെ അവകാശികൾക്കു ശേഷം ഗോത്രജന്മാരെന്നും ബന്ധുക്കളെന്നും വിളിക്കുന്ന വ്യക്തികൾ വരുന്നു—അതായതു് ദൂരപ്പെട്ട പുരുഷന്മാരും സ്ത്രീകളുംവഴി രക്തബന്ധമുള്ള വ്യക്തികൾ. ഗോത്രജരുടേയും ബന്ധുക്കളുടേയും കൂട്ടത്തിൽ പിൻതുടർച്ചക്കാരെ കണക്കാക്കുന്നതിനു് ഈ ആക്റ്റ് താഴെപ്പറയുന്ന ചട്ടങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

1. രണ്ടു് അവകാശികളിൽ, മേല്പോട്ടുള്ള ഡിഗ്രികൾ താരതമ്യേന ആക്കാണോ കുറവുള്ളതു്, അല്ലെങ്കിൽ തീരെ ഇല്ലാത്തതു്, അയാളെ തെരഞ്ഞെടുക്കും.

2. മേല്പോട്ടുള്ള ഡിഗ്രികൾ തുല്യമോ ഇല്ലാതെയോ ആയി വരുന്ന അവസ്ഥയിൽ, കീഴ്പ്പോട്ടുള്ള ഡിഗ്രികൾ താരതമ്യേന ആക്കാണോ കുറവുള്ളതു്, അല്ലെങ്കിൽ തീരെ ഇല്ലാത്തതു്, അയാളെ തിരഞ്ഞെടുക്കും.

3. മേല്പറഞ്ഞ ചട്ടപ്രകാരം യാതൊരാളും മറേറയാളെക്കാൾ തിരഞ്ഞെടുക്കാൻ കൂടുതൽ അർഹനല്ലെങ്കിൽ, അവർ രണ്ടു പേരും തുല്യാവകാശികളായിത്തീരും.

ചുരുക്കത്തിൽ, സ്വത്തു് അവകാശപ്പെടുന്നവരായി ഒന്നിലധികം ചാർച്ചക്കാരുള്ളപ്പോൾ കൂടുതൽ അടുത്ത ചാർച്ചക്കാരനു് അല്ലെങ്കിൽ ചാർച്ചക്കാരിക്കു മുൻഗണന നൽകപ്പെടും.

## സ്ത്രീകളുടെ സ്വത്തു്

പഴയ നിയമമനുസരിച്ചു് സ്ത്രീകൾക്കു് അവരുടെ സ്വത്തിന്മേലുള്ള ഉടമസ്ഥാവകാശം പരിമിതമായിരുന്നു. ഇപ്പോഴത്തെ നിയമം അവക്കു് പരിപൂർണ്ണമായി ഉടമസ്ഥത നല്കുന്നു. സ്ത്രീകളുടെ സ്വത്തു്, പൈതൃകമായി ലഭിച്ചതായാലും, ഭാഗം ചെയ്യപ്പോൾ ലഭിച്ച പങ്കായാലും, ദാനമായി ലഭിച്ചതായാലും, വിലകൊടുത്തു വാങ്ങിയതായാലും, മറേറതെങ്കിലും തരത്തിൽ ലഭിച്ചതായാലും അവക്കു് അതിന്മേൽ പരിപൂർണ്ണമായ ഉടമസ്ഥതയുണ്ടായിരിക്കും. അതു് ഏതുപ്രകാരത്തിൽ കൈകാര്യം ചെയ്യുന്നതിനും അവക്കു് നിർബാധമായ അധികാരമുണ്ടായിരിക്കും. ഈ നിയമത്തിനു് ഒരേ ഒരപവാദമേയുള്ളു. അതായതു്, ഒരു ഹിന്ദുസ്ത്രീക്കു് ദാനമായോ, വിൽപ്പത്ര പ്രകാരമോ, കോടതി ഉത്തരവു പ്രകാരമോ പരിമിതാധികാരം മാത്രമുള്ള സ്വത്തു നല്കപ്പെട്ടമ്പോൾ ഹിന്ദുസ്ത്രീയുടെ സ്വത്തിനു് പിന്തുടച്ചാവകാശികളായുള്ളവരുടെ ഒരു പട്ടികയും നിയമത്തിൽ കൊടുത്തിട്ടുണ്ടു്. ഈ പട്ടിക ഒരു പുരുഷന്റെ അനന്തരാവകാശികളെ കാണിക്കുന്ന പട്ടികയിൽനിന്നു വ്യത്യസ്തമാണു്. ഈ നിയമം ഉണ്ടാകുന്നതിനുമുമ്പു്, ഒരു സ്ത്രീയുടെ 'സ്ത്രീ

ധനം' എന്നറിയപ്പെടുന്ന സ്വത്ത്, അനന്തിരാവകാശികൾക്കു കൈമാറുന്നതു സംബന്ധിച്ച് പ്രത്യേക ചട്ടങ്ങൾ ഉണ്ടായിരുന്നു.

## ഹിന്ദുസ്ത്രീയുടെ അനന്തരാവകാശികൾ

ഹിന്ദുസ്ത്രീയുടെ അനന്തിരാവകാശികൾ താഴെ പറയുന്നവരാണ്:

1. പുത്രന്മാർ, പുത്രിമാർ, ഭർത്താവ്—ഇവർക്കെല്ലാം തുല്യ പങ്കു ലഭിക്കുന്നു. ഏതെങ്കിലും പുത്രനോ പുത്രിയോ അച്ഛനമ്മമാരേക്കാൾ മുമ്പായി മരണമടഞ്ഞിട്ടുണ്ടെങ്കിൽ, അവരുടെ പങ്ക് മക്കളുടെ മക്കൾക്കു തുല്യമായി വീതിച്ചു കിട്ടുന്നതാണ്.
2. ഭർത്താവിൻെറ അനന്തരാവകാശികൾ.
3. അമ്മയും അച്ഛനും.
4. അച്ഛൻെറ അനന്തരാവകാശികൾ.
5. അമ്മയുടെ അനന്തരാവകാശികൾ.

ഇവിടെയും ഒരക്കത്തിൽ പറയുന്ന അവകാശികളുള്ളപ്പോൾ, അടുത്ത അക്കങ്ങളിൽ പറയുന്ന അവകാശികൾക്കു സ്ഥാനമില്ല. ഒരു ഹിന്ദുസ്ത്രീ മരണപത്രം തയ്യാറാക്കാതെ മരിക്കുകയാണെങ്കിൽ അവരുടെ സ്വത്ത് ഒന്നും; നാലും, അഞ്ചും അക്കങ്ങളിൽ പറയുന്ന അവകാശികൾക്കു ലഭിക്കുന്നതു സംബന്ധിച്ചു പ്രത്യേക മുറയും ചട്ടങ്ങളുമുണ്ട്. സ്വത്ത് ഭർത്താവിൻെറയോ അച്ഛൻ്റേയോ അമ്മയുടേയോ ആയിരുന്നുവെന്നും, മുൻപറഞ്ഞ ഹിന്ദുസ്ത്രീ മരിച്ച ഉടനെ തന്നെ ഭർത്താവ് അല്ലെങ്കിൽ അച്ഛൻ അല്ലെങ്കിൽ അമ്മ മരണപത്രം കൂടാതെ മരിച്ചുവെന്നും വിചാരിക്കുക. അപ്പോൾ ആ സ്വത്ത് എപ്രകാരം അവകാശികൾക്കായി ഭാഗിക്കപ്പെടുമോ, അതേ രീതിയിൽ തന്നെയാണ് മരിച്ചുപോകുന്ന ഹിന്ദുസ്ത്രീയുടെ ധനവും ഭാഗിക്കേണ്ടതു്. സ്ത്രീധന സമ്പ്രദായത്തിനു് ഇപ്പോൾ സ്ഥാനമില്ല. സ്ത്രീധനം കൈമാറുന്നതു് സംബന്ധിച്ച ചട്ടങ്ങളിൽ ചിലതു്, അവകാശികളുടെ പട്ടിക നിശ്ചയിക്കുന്ന കാര്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചില സന്ദർഭങ്ങളിൽ, ഹിന്ദുസ്ത്രീകൾക്കു് അവകാശമായി ലഭിക്കുന്ന സ്വത്ത് കുടുംബത്തിനു വെളിയിൽ പോകാതിരിക്കുന്നതിനുവേണ്ടി പതിനേഴാം വകുപ്പിൽ പ്രത്യേക ചട്ടങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സ്ത്രീയുടെ മരണാനന്തരം അത്തരം

സ്വത്തു മൂലകുടുംബത്തിലേക്കു മടക്കിക്കിട്ടുവാൻ വ്യവസ്ഥചെയ്യുന്ന ചട്ടങ്ങളാണിവ. ഒരു ഹിന്ദുസ്ത്രീ മരണമടയുകയും അവൾക്കു ജീവിച്ചിരിക്കുന്ന മക്കളോ മക്കളുടെ മക്കളോ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ, അവൾക്ക് അച്ഛനിൽനിന്നോ അമ്മയിൽനിന്നോ ലഭിച്ച സ്വത്ത് അവരുടെ ഭർത്താവിന്—അയാൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ—നല്കുന്നതിനുപകരം അച്ഛന്റെ അവകാശികൾക്കു നല്കുന്നതാണ്. അതുപോലെതന്നെ, ഭർത്താവിൽനിന്നോ ഭർത്താവിന്റെ അച്ഛനിൽനിന്നോ സ്വത്തു ലഭിച്ചിട്ടുള്ള ഒരു ഹിന്ദുസ്ത്രീ മക്കളോ മക്കളുടെ മക്കളോ ഇല്ലാത്ത സ്ഥിതിയിൽ മരണമടയുകയാണെങ്കിൽ അവരുടെ സ്വത്ത് ഭർത്താവിന്റെ അവകാശികൾക്കു ലഭിക്കുന്നതാണ്. ഈ പ്രത്യേക ചട്ടങ്ങൾ, സ്ഥാവരവസ്തുക്കൾക്കും ജംഗമവസ്തുക്കൾക്കും ഒരുപോലെ ബാധകമാണ്.

## പിൻതുടച്ച സംബന്ധിച്ച പൊതു ചട്ടങ്ങൾ

പിന്തുടച്ചാവകാശം സംബന്ധിച്ച ചില പൊതു ചട്ടങ്ങളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്:—

1. രണ്ടവകാശികൾ മറ്റെല്ലാ കാര്യത്തിലും ഒരേതരത്തിൽ ബന്ധപ്പെട്ടവരാണെങ്കിൽ, പൂർണ്ണ രക്തബന്ധമുള്ള (full blood) അവകാശികൾക്ക് അർദ്ധരക്തബന്ധമുള്ള (half blood) അവകാശികളെ അപേക്ഷിച്ച് മുൻഗണന നല്കുന്നതാണ്. ഒരേ പൂർവ്വികനിൽനിന്ന്, ഒരേ ഭാര്യവഴി ജനിച്ചവരെയാണ് പൂർണ്ണരക്തബന്ധമുള്ളവരായി കണക്കാക്കുന്നത്. ഒരേ പൂർവ്വികനിൽനിന്നു പല ഭാര്യമാർവഴി ജനിച്ചവരാണ് അർദ്ധരക്തബന്ധമുള്ളവർ.

2. രണ്ടോ അതിലധികമോ ആളുകൾ സ്വത്തിന് അവകാശികളായിത്തീരുമ്പോൾ, അവർക്ക്, ആളോഹരിപ്രകാരം സ്വത്തു വീതിക്കേണ്ടതാണ്. അവർ കൂട്ടവകാശികളായി കരുതപ്പെട്ടും.

3. ഒരാൾ മരണശാസനം എഴുതിവയ്ക്കാതെ മരിക്കുന്ന സമയത്ത്, ഗർഭസ്ഥമായിരിക്കുന്ന ഒരു ശിശുവുണ്ടെങ്കിൽ, ആ ശിശുവിന്, അയാളുടെ മരണത്തിനുമുൻപു ജനിച്ചാൽ എന്നപോലെയുള്ള അനന്തരാവകാശം ഉണ്ടായിരിക്കും.

4. രണ്ടാളുകൾ മിക്കവാറും ഒരേസമയത്തു് മരണമടയുകയാണെങ്കിൽ, പ്രായം കുറഞ്ഞയാൾ പ്രായം കൂടിയ ആളെ അതിജീവിച്ചതായി കണക്കാക്കുന്നതാണു്—മറിച്ചു തെളിയിക്കപ്പെടാത്ത പക്ഷം.

## പാർപ്പിടവും കുടുംബത്തൊഴിലും സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ

പുത്രിക്കു്, പ്രാഥമിക അവകാശി എന്ന നിലയ്ക്കു് പൂർവ്വസ്വത്തിന്റെ ഭാഗം വാങ്ങാൻ ആദ്യമായി അവകാശം നല്കിയതു് ഈ നിയമമാണു്. മിതാക്ഷരകൂട്ടുകുടുംബത്തിന്റെ കൂട്ടുസ്വത്തു സംബന്ധിച്ചും പുത്രിക്കു് ഈ അവകാശം നല്കിയിട്ടുണ്ടു്. ഇപ്രകാരമുള്ള അവകാശംനിമിത്തം കൂട്ടുകുടുംബസ്വത്തു ഛിന്നഭിന്നമാകുകയോ കൂട്ടുകുടുംബ തൊഴിൽ (ബിസിനസ്സ്) തകരാറിലാകുകയോ ചെയ്യാതിരിക്കുന്നതിനുവേണ്ടി രണ്ടു രക്ഷാവ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ടു്:

1. ഹിന്ദുസ്ത്രീക്കു, കുടുംബാംഗങ്ങൾ താമസിക്കുന്ന കുടുംബംവക ഗൃഹത്തിൽ താമസിക്കാനവകാശമുണ്ടെങ്കിലും പുരുഷന്മാരായ അവകാശികൾ ഭാഗംവച്ചു പിരിയാൻ തീരുമാനിക്കാത്ത കാലത്തോളം, ഭാഗം ആവശ്യപ്പെടാൻ സ്ത്രീക്കു് അവകാശമില്ല.

2. ഒരാൾ മരണശാസനമൊന്നും കൂടാതെ മരിക്കുന്നുവെന്നും അയാളുടെ വക സ്ഥാവരവസ്തുവോ ബിസിനസ്സോ ഒന്നാംതരത്തിൽപ്പെട്ട രണ്ടോ അതിലധികമോ ആളുകൾക്കു് അവകാശപ്പെട്ടതായിത്തീരുന്നുവെന്നും വിചാരിക്കുക. ഈ അവകാശികളിൽ ഒരാൾ അയാളുടെ പങ്കു് കൈമാറാൻ ആഗ്രഹിക്കുകയാണെങ്കിൽ അതു വാങ്ങുവാൻ ആദ്യമായി അയാളുടെ കൂട്ടവകാശികൾക്കു് അവസരം നല്കേണ്ടതാണു്. അവർ വാങ്ങുന്നില്ലെങ്കിൽ മാത്രമേ അതു മററാളുകൾക്കു് കൈമാറാൻ പാടുള്ളു.

## ഏകീകൃതമായ പിന്തുടർച്ചാവകാശ വ്യവസ്ഥകൾ

മരുമക്കത്തായം, അളിയസന്താനം എന്നീ നിയമ സമ്പ്രദായങ്ങൾ മാതൃവഴിക്കുള്ള അനന്തരാവകാശത്തിൽ (matriarchal) അടിസ്ഥാനപ്പെട്ടതായിരുന്നു. അവയുടെ പ്രയോഗം സംബന്ധിച്ച

പുതിയ നിയമത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തിയിരിക്കുന്നു.

1. ഒന്നാംതരത്തിലോ രണ്ടാംതരത്തിലോ പെട്ട അവകാശികളാരും ഇല്ലാതിരിക്കുമ്പോൾ, മരുമക്കത്തായമോ, അളിയ സന്താനമോ പിന്തുടരുന്ന ഒരു പുരുഷൻെറ സ്വത്ത്, മരണപ്പെട്ടയാളുടെ ഏററവും അടുത്ത ബന്ധുവിനു (അച്ഛൻവഴിക്കോ അമ്മവഴിക്കോ) ലഭിക്കുന്നതാണ്.

2. മരുമക്കത്തായമോ അളിയസന്താനമോ പിന്തുടരുന്ന ഒരു സ്ത്രീയുടെ സ്വത്തിന് ആദ്യമായി അവകാശമുള്ളതു് പുത്രന്മാർ, പുത്രിമാർ, അമ്മ എന്നിവക്കാണ് (തുല്യമായ അവകാശം). ഒരു പുത്രനോ പുത്രിയോ സ്വന്തം മാതാവിനേക്കാൾ മുമ്പു മരണമടഞ്ഞിട്ടുണ്ടെങ്കിൽ, ആ പുത്രനോ പുത്രിക്കോ കിട്ടുമായിരുന്ന സ്വത്ത് (അമ്മ മരിക്കുന്ന കാലത്ത് അവർ ജീവിച്ചിരുന്നുവെങ്കിൽ) ആ പുത്രൻെറയോ പുത്രിയുടെയോ മക്കൾക്ക് തുല്യമായി വീതിച്ചു കൊടുക്കേണ്ടതാണ്. രണ്ടാമതായി അവകാശമുള്ളതു് അച്ഛനോ, ഭത്താവിനോ ആയിരിക്കും. മൂന്നാമതായി അമ്മയുടെ അനന്തരാവകാശികൾ, നാലാമതായി അച്ഛൻെറ അനന്തരാവകാശികൾ. അവസാനമായി ഭത്താവിൻെറ അനന്തരാവകാശികൾ.

3. കുടുംബംവക ഗൃഹം ഭാഗം വയ്ക്കണമെന്നാവശ്യപ്പെടാനുള്ള അവകാശത്തിന് നിയന്ത്രണം കല്പിച്ചിരിക്കുന്ന പ്രത്യേക വ്യവസ്ഥ, മരുമക്കത്തായികൾക്കും അളിയസന്താനികൾക്കും ബാധകമല്ല.

മിതാക്ഷര കൂട്ടുകുടുംബത്തിനു തുല്യമായി മരുമക്കത്തായം, അളിയസന്താനം, നമ്പൂതിരി എന്നീ സമ്പ്രദായങ്ങളിൽ അറിയപ്പെടുന്ന ഘടകങ്ങളാണ് തറവാട്ട്, താവഴി, കുടുംബം, കവരു, ഇല്ലം എന്നിവ. ഇത്തരം കുടുംബങ്ങളിൽ ഓരോ അംഗത്തിനും (പുരുഷനായാലും സ്ത്രീയായാലും) സ്വത്തിന്മേൽ ഉടമസ്ഥാവകാശമുണ്ടായിരിക്കും. ഈ സ്വത്തവകാശം കൈമാറുന്നതു് മിതാക്ഷര കൂട്ടുകുടുംബ സ്വത്തു കൈമാറുന്ന രീതിയിൽ തന്നെയാണ്.

## അദ്ധ്യായം 4

# പ്രായപൂത്തിയാകാത്തവരും രക്ഷാകർതൃത്വവും

കോടതി ഉത്തരവുപ്രകാരം ഭാര്യാഭത്താക്കന്മാരെ വേർപെടുത്തുന്നതിനോ, (Judicial Separation) വിവാഹമോചനം നടത്തുന്നതിനോ ഉള്ള വ്യവഹാരം നടന്നുകൊണ്ടിരിക്കുന്ന കാലത്തോ, വിവാഹബന്ധം അവസാനിപ്പിച്ചുകഴിഞ്ഞുള്ള കാലത്തോ, പ്രായപൂത്തിയാകാത്ത കുട്ടികളുടെ സൂക്ഷിപ്പും സംരക്ഷണവും സംബന്ധിച്ച കാര്യങ്ങളിൽ വ്യവഹാരം നടത്തി തീരുമാനമെടുക്കാൻ 1955-ലെ ഹിന്ദുവിവാഹനിയമം കോടതിക്ക് അധികാരം നല്കിയിരിക്കുന്നു. പ്രായപൂത്തിയാകാത്ത കുട്ടികളെ സംബന്ധിച്ച മുഖ്യമായ നിയമം ഗാർഡിയൻഷിപ് ആക്റ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഹിന്ദുക്കളുടെയിടയിൽ പ്രായപൂത്തിയാകാത്തവരെയും രക്ഷാകർതൃത്വത്തെയും സംബന്ധിച്ചു നിലവിലിരുന്ന നിയമത്തിൻെറ ചില ഭാഗങ്ങളെ ഈ ആക്ററ് ഭേദഗതി ചെയ്തിട്ടുണ്ട്. ഹിന്ദുക്കളടക്കം എല്ലാ ആളുകൾക്കും ബാധകമായ 1890-ലെ ഗാർഡിയൻസ് ആൻഡ് വാർഡ്സ് ആക്ററിലെ വ്യവസ്ഥകൾക്ക് അനുബന്ധമായി കണക്കാക്കേണ്ട നിയമമാണിത്.

ഈ നിയമമനുസരിച്ച്, 18 വയസ്സിൽ കുറവുള്ള ഹിന്ദു ബാലികബാലന്മാരുടെ രക്ഷകത്താക്കളാകാൻ അവകാശമുള്ളവരെ രണ്ടു തരമായി തിരിച്ചിരിക്കുന്നു :

1. സ്വാഭാവിക രക്ഷകത്താക്കൾ. 2. കോടതി നിയമിക്കുന്ന രക്ഷകത്താക്കൾ. പ്രായപൂത്തിയാകാത്ത വ്യക്തിയുടെ അച്ഛൻെറയോ അമ്മയുടെയോ വിൽപത്രപ്രകാരം രക്ഷകത്താവിനെ നിയമിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രായപൂത്തിയാകാത്ത ഒരു ഹിന്ദുവിൻെറ സ്വാഭാവിക രക്ഷകത്താക്കൾ താഴെപ്പറയുന്നവരാണ് :

1. ആൺകുട്ടിയോ, അവിവാഹിതയായ പെൺകുട്ടിയോ ആണെങ്കിൽ അച്ഛൻ, അച്ഛനുശേഷം അമ്മ. പക്ഷെ അഞ്ചുവയസ്സു തികയാത്ത കുട്ടിയുടെ രക്ഷാകർതൃത്വം സാധാരണയായി അമ്മയ്ക്കായിരിക്കും.

2. വിവാഹബന്ധത്തിനു വെളിയിൽ ക്രമവിരുദ്ധമായി ജനിച്ച ആൺകുട്ടിയോ, അവിവാഹിതയായ പെൺകുട്ടിയോ ആണെങ്കിൽ അമ്മ, അമ്മയ്ക്കുശേഷം അച്ഛൻ.

3. വിവാഹിതയായ പെൺകുട്ടിയാണെങ്കിൽ രക്ഷകത്താവ്, ഭത്താവായിരിക്കും. ഇവിടെ അച്ഛനെന്നും അമ്മയെന്നും പറയുന്നതിൽ ചിററപ്പനോ ചിററമ്മയോ ഉൾപ്പെടുന്നില്ല. പ്രായപൂത്തിയാകാത്ത ദത്തുപുത്രൻെറ സ്വഭാവിക രക്ഷകത്താവ് ദത്തെടുക്കുന്ന അച്ഛനായിരിക്കും. അതിനുശേഷം ദത്തെടുക്കുന്ന അമ്മയും.

രക്ഷകത്താവിൻെറ അവശ്യയോഗ്യതകൾ ഇവയാണ്:—

1. അയാൾ ഹിന്ദുവായിരിക്കണം. 2. അയാൾ ലോകജീവിതം എന്നന്നേക്കുമായി വെടിഞ്ഞു് സന്യാസം സ്വീകരിച്ചവനായിരിക്കരുതു്. സ്വാഭാവിക രക്ഷകത്താക്കൾ ഇല്ലാത്തപ്പോൾ, സാഹചര്യങ്ങൾക്കനുസരിച്ചു്, യോഗ്യതയുള്ള ഒരാളെ രക്ഷകത്താവായി നിയമിക്കുവാൻ കോടതിക്കധികാരമുണ്ട്. പ്രായപൂത്തിയാകാത്ത കുട്ടിയുടെ നന്മയ്ക്കും, കുട്ടിയുടെ സ്വത്തിൻെറ സംരക്ഷണത്തിനുംവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സ്വാഭാവിക രക്ഷകത്താവിനു് അധികാരമുണ്ട്. എന്നാൽ പ്രായപൂത്തിയാകാത്തയാളെ വ്യക്തിപരമായ ഉടമ്പടിവഴി (Personal Covenant) ബന്ധിക്കാൻ അയാൾക്കധികാരമില്ല, കോടതിയുടെ മുൻകൂട്ടിയുള്ള അനുമതികൂടാതെ, രക്ഷകത്താവിനു് 1. പ്രായപൂത്തിയാകാത്ത കുട്ടിയുടെ സ്ഥാവരസ്വത്തിൻെറ ഏതെങ്കിലും ഭാഗം പണയപ്പെടുത്തുകയോ കൈമാററം ചെയ്യുകയോ, വില്ക്കുകയോ, ദാനം ചെയ്യുകയോ, വച്ചുമാറുകയോ മറേറതെങ്കിലും തരത്തിൽ അന്യാധീനപ്പെടുത്തുകയോ ചെയ്യാൻ പാടില്ല. 2. അഞ്ചുവർഷത്തിൽ കവിഞ്ഞ കാലത്തേക്കോ, കുട്ടിക്കു പ്രായപൂത്തിവരുന്ന തീയതിക്കുശേഷം ഒരു വഷത്തിൽ കവിയുന്ന കാലത്തേക്കോ മുൻപറഞ്ഞപ്രകാരമുള്ള സ്ഥാവരസ്വത്തു് പാട്ടത്തിനു കൊടുക്കാൻ പാടില്ല.

ഈ നിയമം, പ്രായപൂർത്തിയാകാത്തവരും രക്ഷാകർത്തൃത്വവും സംബന്ധിച്ച നിലവിലിരുന്ന നിയമത്തിൽ കാര്യമായ മാററങ്ങൾ വരുത്തിയിട്ടുള്ളതു് രണ്ടു സംഗതികളിൽ മാത്രമാണു്. ഒന്നു്, പ്രായപൂർത്തിയാകാത്ത ഹിന്ദുവിൻെറ സ്വാഭാവിക രക്ഷകത്താവാകാൻ അച്ഛനുശേഷം അമ്മയ്ക്കും അവകാശം നല്കുന്നു. ചിലപ്പോൾ അച്ഛനെ അപേക്ഷിച്ചു് അമ്മയ്ക്കായിരിക്കും കൂടുതൽ അവകാശം. രണ്ടു്, പ്രായപൂർത്തിയാകാത്തയാളിൻെറ വ്യക്തിപരമായ സൂക്ഷിപ്പിനോ സ്വത്തിൻെറ സൂക്ഷിപ്പിനോ അല്ലെങ്കിൽ രണ്ടിനും വേണ്ടിയോ വിൽപത്രപ്രകാരം രക്ഷകത്താവിനെ നിശ്ചയിക്കാൻ ഹിന്ദുവായ അച്ഛനു് അധികാരം നല്കുന്നു.

### അദ്ധ്യായം 5

## ദത്തെടുക്കലും സംരക്ഷണവും

ദത്തെടുക്കൽ, പ്രാചീന ഹിന്ദുനിയമത്തിലെ ഒരു സവിശേഷതയാണു്. അതിനു് മതപരമായ അംഗീകാരമുണ്ടായിരുന്നു. കാരണം, ഒരു ഹിന്ദുവിനു് പുത്രൻ ഉണ്ടായിരിക്കേണ്ടതു് ആദ്ധ്യാത്മികമായ ഒരാവശ്യമായിരുന്നു. സ്ഥിരബുദ്ധിയും, വിവേചനശക്തിയുമുളവാകുന്ന പ്രായമെത്തിയിട്ടുള്ളയാളുമായ ഏതു ഹിന്ദു പുരുഷനും നിയമാനുസൃതമായി ഒരു പുത്രനെ ദത്തെടുക്കാനവകാശമുണ്ടായിരുന്നു. പക്ഷെ ദത്തെടുക്കുന്ന സമയത്തു്, അയാൾക്കു്, സ്വന്തമോ, ദത്തെടുത്തതോ ആയ, മറു പുത്രനോ, പുത്രൻെറ പുത്രനോ, പുത്രൻെറ പുത്രൻെറ പുത്രനോ ഉണ്ടായിരിക്കാൻ പാടില്ല.

ദത്തെടുക്കൽ നിയമത്തിൻെറ പ്രധാന അടിസ്ഥാനം മനുവിൻെറയും, വസിഷ്ഠൻെറയും, രണ്ടു പ്രസ്താവനകളാണു്. കോടതികൾ പ്രയോഗിച്ചിരുന്ന ഹിന്ദുനിയമപ്രകാരം, ദത്തെടുക്കൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായിരുന്നു. 1. പുരുഷനെ മാത്രമേ ദത്തെടുക്കാൻ പാടുള്ളു. 2. ദത്തെടുക്കുന്നയാൾക്കു് ദത്തെ

ട്ടക്കുന്ന സമയത്തു് സ്വന്തം പുത്രനോ പുത്രൻെറ പുത്രനോ ഉണ്ടായിരിക്കരുതു്,—ജീവിച്ചിരിക്കുന്നുണ്ടായിരിക്കരുതു്. 3. ദത്തെടുക്കപ്പെട്ടുന്ന ബാലനെ അവൻെറ മാതാപിതാക്കൾ, പ്രതിഫലം കൂടാതെ സംഭാവന ചെയ്യുകയായിരിക്കണം. 4. സമ്മതത്തോടുകൂടിയോ, സമ്മതം കൂടാതെയോ ഭത്താവിനുവേണ്ടി ദത്തെടുക്കാൻ അധികാരമുള്ള ഒരേ ഒരു വ്യക്തി വിധവയായിരുന്നു. 5. ഭത്താവു് ജീവിച്ചിരിക്കുമ്പോൾ ഭത്താവിൻെറ സമ്മതംകൂടാതെ ദത്തെടുക്കാൻ ഭാര്യക്കു് അധികാരമുണ്ടായിരുന്നില്ല. 6. എപ്പോഴും ദത്തെടുക്കുന്നതു് ഭത്താവിനുവേണ്ടിയാണു്. ഒരു സ്ത്രീ തനിക്കായി തന്നെ നടത്തുന്ന ദത്തെടുക്കൽ അസാധുവായിരുന്നു. അതു് ദത്തുപുത്രനു് നിയമപരമായി യാതൊരവകാശങ്ങളും നല്കിയിരുന്നില്ല. 7. പുരുഷനു് അയാളുടെ ഭാര്യയുടെ സമ്മതമില്ലെങ്കിലും ദത്തെടുക്കാൻ അധികാരമുണ്ടായിരുന്നു. 8. കുടുംബത്തിന്റെ തുടൎച്ചയുള്ള നിലനില്പിനുവേണ്ടി നടത്തിയിരുന്ന മതപരമായ ഒരു കമ്മമായിരുന്നു ദത്തെടുക്കൽ. ദത്തുപുത്രൻ, മരിച്ചുപോയ മാതാപിതാക്കൾക്കു് ആദ്ധ്യാത്മികനന്മ കൈവരുത്തും എന്നായിരുന്നു വിശ്വാസം. അതുകൊണ്ടു്, ദത്തെടുക്കൽ സാധുവാകുന്നതിനു്, ദത്തഹോമം മുതലായ കമ്മാനുഷ്ഠാനങ്ങൾ അത്യാവശ്യമായി കരുതിയിരുന്നു.

ഹിന്ദുവിധവക്കു്, ഭത്താവിനുവേണ്ടി ദത്തെടുക്കൽ നടത്താനുള്ള അവകാശം ഹൈക്കോടതികൾ പലതരത്തിലാണു് വ്യാഖ്യാനിച്ചിരുന്നതു്. മിതാക്ഷരസമ്പ്രദായത്തിൻെറ ഓരോരോ വകഭേദമനുസരിച്ചു് പല സ്ഥലത്തും പലപല വ്യാഖ്യാനങ്ങൾ നല്കിപ്പോന്നു :

1. മിഥിലസമ്പ്രദായത്തിൽ വിധവക്കു ദത്തെടുക്കാൻ അവകാശമേയുണ്ടായിരുന്നില്ല. (2) ബംഗാൾ (ദായഭാഗം), ബനാറസ്, മദ്രാസു് എന്നിവടങ്ങളിൽ നിലവിലിരുന്ന സമ്പ്രദായപ്രകാരം, ഭത്താവു് അധികാരം നല്കിയിട്ടുണ്ടെങ്കിൽ വിധവക്കു് ദത്തെടുക്കാമായിരുന്നു.

3. മദ്രാസിലെ പതിവനുസരിച്ചു്, ഭാഗംവച്ചു പിരിയാത്ത കൂട്ടവകാശികളുടെ (undivided coparceners) അല്ലെങ്കിൽ ഭത്താവിൻെറ സപിണ്ഡരുടെ സമ്മതത്തോടുകൂടി വിധവക്കു് ദത്തെടു

ക്കാമായിരുന്നു. (ഭർത്താവിൽനിന്നു് അധികാരം കിട്ടിയില്ലെങ്കിൽ തന്നെയും)

4. ബോംബെയിലെ പതിവനുസരിച്ച്, (മയൂഖ) ദത്തെടുക്കുന്നതിനെ ഭർത്താവു വ്യക്തമായി വിലക്കിയിട്ടില്ലാത്തപ്പോൾ, വിധവയ്ക്കു്, അനുവാദം കൂടാതെതന്നെ ദത്തെടുക്കാമായിരുന്നു.

5. ചിലപ്പോൾ, പഴയ ആചാരം അനുവദിക്കുന്നുണ്ടെങ്കിൽ, അനുവാദം കൂടാതെതന്നെ ദത്തെടുക്കാൻ വിധവയ്ക്കു സ്വാതന്ത്ര്യം ലഭിച്ചിരുന്നു.

ഇപ്രകാരം, ഓരോ പ്രദേശത്തും അംഗീകരിക്കപ്പെട്ടിരുന്ന ശാസ്ത്രപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതികൾ നൽകിയ പരസ്പരവിരുദ്ധമായ വ്യാഖ്യാനങ്ങൾ, ദത്തെടുക്കൽ സംബന്ധിച്ച നിയമത്തെ അനിശ്ചിതവും കുഴപ്പം പിടിച്ചതുമാക്കിത്തീർത്തു. അതുപോലെതന്നെ, ദത്തെടുക്കലിനെ ചോദ്യം ചെയ്യാൻ ദായാദികൾക്കുണ്ടായിരുന്ന അവകാശവും വിധവയ്ക്കു് സ്വത്തു് അന്യാധീനപ്പെടുത്താനുള്ള അധികാരവുംമററും വ്യത്യസ്ത വ്യാഖ്യാനങ്ങൾക്കു പാത്രീഭവിച്ചു. ഇതെല്ലാം പരിഗണിച്ചുകൊണ്ടു്, ദത്തെടുക്കൽനിയമം നാടൊട്ടാകെ ബാധകമാകത്തക്കവിധം ഏകീകരിച്ചു ക്രമപ്പെടുത്തണമെന്നു് ഹിന്ദുനിയമക്കമ്മിററി ആവശ്യപ്പെട്ടു.

## പുതിയ ദത്തെടുക്കൽനിയമം

ഹിന്ദുകോഡിൻെറ അവസാനഭാഗമായി പാർലമെൻറു പാസ്സാക്കിയതാണു് ഹിന്ദുക്കളുടെ ദത്തെടുക്കലും സംരക്ഷണവും സംബന്ധിച്ച നിയമം. (Hindu Adoptions & Maintenance Act 1956) ഈ നിയമം 1956 ഡിസംബർ 21-ാംനു നടപ്പിൽ വന്നു. മുൻനിയമങ്ങൾ ഭേദഗതി ചെയ്യുകയും ക്രമപ്പെടുത്തുകയും ചെയ്യുന്ന നിയമനിർമ്മാണമായിരുന്നു അതു്. ഹിന്ദുക്കളുടെയിടയിലെ ദത്തെടുക്കൽസംബന്ധിച്ചു നിലവിലിരുന്ന ഏതെങ്കിലും ശാസ്ത്രപ്രമാണമോ, ചട്ടമോ, വ്യാഖ്യാനമോ, നിയമപ്രാബല്യം നേടിയ ആചാരമോ മുൻപതിവോ, പുതിയ നിയമത്തിന്റെ ഏതെങ്കിലും വ്യവസ്ഥയെ ലംഘിക്കുന്നതോ അതിനു വിരുദ്ധമോ ആണെ

ങ്കിൽ അത്തരം ചട്ടവും വ്യാഖ്യാനവും മററും റദ്ദായതായി കരുതു ന്നതാണ്. മേലിൽ, എല്ലാ ദത്തെടുക്കലുകളും പുതിയ നിയമ ത്തിലെ വ്യവസ്ഥകളനുസരിച്ചു നടത്തേണ്ടതാണ്.

പുതിയ ആക്ററ്, നിലവിലിരുന്ന നിയമത്തിൽ വരുത്തിയ പ്രധാന ഭേദഗതികൾ താഴെപ്പറയുന്നവയാണ് :

1. പുരുഷന്മാർക്കെന്നപോലെ സ്ത്രീകൾക്കും ദത്തെടുക്കാൻ അധികാരം നല്കിയിരിക്കുന്നു. പുരുഷന്മാരെയെന്നപോലെ സ്ത്രീകളെയും ദത്തെടുക്കാവുന്നതാണ്.

2. എല്ലാ ദത്തെടുക്കലുകളും പുതിയ ആക്ററിൻെറ വ്യവസ്ഥകളനുസരിച്ചായിരിക്കണം.

3. ദത്തെടുക്കലിന്റെ മതസ്വഭാവം ഇല്ലാതാക്കിയിരിക്കുന്നു. ദത്തെടുക്കൽ സാധുവാകുന്നതിനു് ദത്തഹോമം മുതലായ മതകർമ്മങ്ങൾ നടത്തിയിരിക്കണമെന്നു നിർബന്ധമില്ല.

## സാധുവായ ദത്തെടുപ്പ്

പുതിയ നിയമപ്രകാരം ദത്തെടുക്കൽ സാധുവാകണമെങ്കിൽ,

1. ദത്തെടുക്കുന്നയാൾക്കു് ദത്തെടുക്കാനുള്ള യോഗ്യതയും അവകാശവും ഉണ്ടായിരിക്കണം. 2. ദത്തു കൊടുക്കുന്നയാൾക്കു് അങ്ങിനെ ചെയ്യാനുള്ള യോഗ്യതയുണ്ടായിരിക്കണം. 3. ദത്തെടുക്കപ്പെടുന്നയാൾക്കു ദത്തെടുക്കപ്പെടുവാൻ യോഗ്യതയുണ്ടായിരിക്കണം. ഒരാളുടെ ഭാര്യ ജീവിച്ചിരിപ്പുണ്ടെങ്കിൽ, ഭാര്യയുടെ സമ്മതം കൂടാതെ അയാൾ ദത്തെടുത്തുകൂടാ എന്നു നിയമം വ്യക്തമാക്കിയിരിക്കുന്നു. അവിവാഹിതയോ, വിധവയോ, വിവാഹമോചനം നേടിയ ആളോ ആയ ഹിന്ദുസ്ത്രീക്കും, പുത്രനെയോ പുത്രിയേയോ ദത്തെടുക്കാനവകാശമുണ്ട്. ഒരു കുട്ടിയെ ദത്തു കൊടുക്കുവാൻ യോഗ്യതയുള്ള ആളുകൾ അച്ഛൻ, അമ്മ, രക്ഷകർത്താവ് എന്നിവരാണ്. അച്ഛൻ ജീവിച്ചിരിപ്പില്ലെങ്കിൽ അമ്മയ്ക്കു കുട്ടിയെ ദത്തു കൊടുക്കാം. സ്വാഭാവിക രക്ഷകർത്താക്കൾ ഇല്ലാത്തവർ, അനാഥക്കുട്ടികൾ, മാതാപിതാക്കൾ ഉപേക്ഷിച്ചുകളഞ്ഞ കുട്ടികൾ എന്നി

വരുടെ കാര്യത്തിൽ അവരുടെ രക്ഷകർത്താക്കൾ, അവരെ ദത്തു കൊടുക്കുന്നതിനുമുമ്പ് കോടതിയുടെ അനുവാദം വാങ്ങിയിരിക്കണം. ഇതിലേക്ക് രക്ഷകർത്താക്കളെ രണ്ടു തരമായി തിരിച്ചിരിക്കുന്നു :

1. കുട്ടിയുടെ അച്ഛൻേറയോ അമ്മയുടേയോ വിൽപത്ര പ്രകാരം നിയമിക്കപ്പെടുന്ന രക്ഷകർത്താവ്. 2. കോടതി നിയമിക്കുകയോ, പ്രഖ്യാപിക്കുകയോ ചെയ്യുന്ന രക്ഷകർത്താവ്.

ഒരാൾ ദത്തെടുക്കപ്പെടുവാൻ യോഗ്യതയുള്ള ആളാകണമെങ്കിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതാണ് :

1. അയാൾ ഹിന്ദുവായിരിക്കണം ;

2. ഒരിക്കൽ ദത്തെടുക്കപ്പെട്ടു കഴിഞ്ഞയാളായിരിക്കരുത് ;

3. വിവാഹം ചെയ്തയാളായിരിക്കരുത് ;

4. 15 വയസ്സു തികയാത്തയാളായിരിക്കണം.

അവസാനത്തെ രണ്ടു വ്യവസ്ഥകൾക്കെതിരായ ആചാരമോ മുൻപതിവോ നിലവിലുണ്ടെങ്കിൽ ആ വ്യവസ്ഥകൾ അവഗണിക്കാവുന്നതാണ്.

ദത്തെടുക്കുന്ന കുടുംബങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ഇവയാണ്:

1. ഒരു പുത്രനെയാണ് ദത്തെടുക്കുന്നതെങ്കിൽ, ദത്തെടുക്കുന്ന കുടുംബത്തിൽ ഹിന്ദുവായ പുത്രനോ, പുത്രൻെറ പുത്രനോ, പുത്രൻെറ പുത്രൻെറ പുത്രനോ ജീവിച്ചിരിപ്പുണ്ടായിരിക്കരുത്.

2. പുത്രിയെയാണ് ദത്തെടുക്കുന്നതെങ്കിൽ, ആ കുടുംബത്തിൽ ഹിന്ദുവായ പുത്രിയോ, പുത്രന്റെ പുത്രിയോ ജീവിച്ചിരിപ്പുണ്ടായിരിക്കരുത്.

3. ദത്തെടുക്കുന്നതു് പുരുഷനും, ദത്തെടുക്കപ്പെടുന്നതു് സ്ത്രീയുമാണെങ്കിൽ, ദത്തെടുക്കുന്നയാൾക്ക്, ദത്തുപുത്രിയേക്കാൾ 21 വയസ്സെങ്കിലും പ്രായക്കൂടുതലുണ്ടായിരിക്കണം.

4. ദത്തെടുക്കുന്നതു സ്ത്രീയും, ദത്തെടുക്കപ്പെടുന്നതു് പുരുഷനു

മാണെങ്കിൽ ദത്തെടുക്കുന്ന സ്ത്രീക്ക് ദത്തുപുത്രനേക്കാൾ 21 വയസ്സെങ്കിലും പ്രായക്കൂടുതലുണ്ടായിരിക്കണം.

ദത്തെടുക്കുന്നതിൻെറ അനന്തരഫലങ്ങൾ

ദത്തെടുക്കുന്ന നാൾമുതൽ ദത്തെടുക്കപ്പെടുന്ന കുട്ടി, ദത്തെടുത്ത ആളുടെ സന്താനമായി പരിഗണിക്കപ്പെടുന്നതും ജനിച്ച കുടുംബവുമായി ആ കുട്ടിക്കുള്ള ബന്ധങ്ങൾ അവസാനിക്കുന്നതുമാണ്. എന്നാൽ ദത്തെടുക്കുന്ന അച്ഛനോ അമ്മയ്ക്കോ ഏതെങ്കിലും സ്വത്ത് ജീവിച്ചിരിക്കുന്ന മററാക്കെങ്കിലും കൈമാറുന്നതിനോ വിൽപത്രപ്രകാരം നല്കുന്നതിനോ തടസ്സമുണ്ടാവുകയില്ല. ഒരിക്കൽ നിയമാനുസൃതമായി നടത്തിയ ദത്തെടുപ്പ്, ദത്തെടുക്കുന്ന അച്ഛനമ്മമാരോ ദത്തെടുക്കപ്പെടുന്ന കുട്ടിയോ വിചാരിച്ചാൽ റദ്ദാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ആലോചനകൂടാതെ തിരക്കിട്ടു ദത്തെടുക്കൽ നടത്താതിരിക്കുന്നതിനു വ്യവസ്ഥകൾ ചെയ്തിരിക്കുന്നു. ദത്തെടുക്കപ്പെടുന്നയാൾക്ക് പ്രായപരിധി വച്ചിരിക്കുന്നതു ഈ ഉദ്ദേശത്തോടുകൂടിയാണ്. ദത്തു കൊടുക്കുന്നതിനു പ്രതിഫലമായി പണവും മററും നല്കുന്നതു് നിരോധിച്ചിരിക്കുന്നു. ഈ ചട്ടം ലംഘിച്ചാൽ, ആറുമാസത്തേ തടവോ, പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാവുന്നതാണ്. ഇതുസംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന്, സ്റ്റേററുഗവണ്മെൻറിൻെറയോ, സ്റ്റേററ്ഗവണ്മെൻറ് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻെറയോ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണ്.

ഹിന്ദുനിയമപ്രകാരമുള്ള സംരക്ഷണം

സ്വത്തുണ്ടായിരുന്നാലും, ഇല്ലെങ്കിലും, സ്വന്തം ഭാര്യ, പ്രായപൂത്തിയാകാത്ത പുത്രന്മാർ, അവിവാഹിതരായ പുത്രിമാർ, പ്രായം ചെന്ന മാതാപിതാക്കൾ എന്നിവരെ സംരക്ഷിക്കുവാൻ ഒരു ഹിന്ദുവിനു് നിയമപരമായ ബാദ്ധ്യതയുണ്ട്. മനുവിൻെറ വാക്കുകളിൽ, നൂറു "ദുഷ്കമ്മങ്ങൾ ചെയ്തിട്ടായാലും വേണ്ടില്ല, വൃദ്ധരായ മാതാപിതാക്കൾ, ഗുണവതിയായ ഭായ്യ, ശിശുപ്രായമായ സന്താനം എന്നിവരെ സംരക്ഷിക്കേണ്ടതാണ്." മിതാക്ഷരസമ്പ്രദായത്തിലുള്ള കൂട്ടുകുടുംബത്തിന്റെ തലവനു്, കുടുംബത്തിലെ പുരുഷാം

ഗങ്ങളുടെ ഭാര്യമാരെയും കുട്ടികളെയും സംരക്ഷിക്കുവാൻ നിയമപരമായ കടമയുണ്ട്. ഏതെങ്കിലും പുരുഷാംഗം മരിച്ചാൽ, അയാളുടെ വിധവയേയും കുട്ടികളെയും സംരക്ഷിക്കേണ്ടതാണ്. പൂർവ്വസ്വത്തിനവകാശിയായിത്തീരുന്നയാൾ, അവിവാഹിതയായ സഹോദരി, ചിറ്റമ്മ, അമ്മായിഅമ്മ, വിധവയായ മരുമകൾ (പുത്രഭാര്യ) എന്നിവരെ സംരക്ഷിക്കാൻ കടപ്പെട്ടവനാണ്; കാരണം, അവർക്കോരോരുത്തർക്കും മരിച്ചുപോയ ആളിൻെറ സ്വത്തിന്മേൽ ഒന്നുകിൽ ധാർമ്മികമായി അല്ലെങ്കിൽ നിയമപരമായി അവകാശമുണ്ട്.

ഹിന്ദുനിയമപ്രകാരം കുടുംബം രക്ഷിക്കുന്ന ഭർത്താവിനോടൊപ്പം താമസിക്കേണ്ടതു് ഭാര്യയുടെ കർത്തവ്യമാണ്. ഒരു വിധവയ്ക്കു് അവരുടെ ഭർത്താവിൻെറ സ്വയാർജ്ജിതസ്വത്തിൽനിന്നും, മരിക്കുമ്പോൾ അയാൾക്കു കൂട്ടവകാശമുള്ള കൂട്ടുകുടുംബസ്വത്തിൽനിന്നും സംരക്ഷണത്തിനുള്ള വക ലഭിക്കാൻ അവകാശമുണ്ട്. വിധവയായ പുത്രഭാര്യയ്ക്കു്, ഭർത്താവിൻ്റെ അച്ഛനിൽനിന്നോ മററു ബന്ധുക്കളിൽനിന്നോ സംരക്ഷണച്ചെലവു അവകാശപ്പെടാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. കൂട്ടുകുടുംബത്തിലെ അച്ഛനമ്മമാർ, അവിവാഹിതസഹോദരികൾ, പ്രായപൂർത്തിയാകാത്തവർ എന്നിവർക്കും സംരക്ഷണം ലഭിക്കാനവകാശമുണ്ട്. ഇപ്രകാരം സംരക്ഷണത്തിനു നല്കേണ്ട തുക സ്വത്തിൻെറ സ്വത്തേയുള്ള ഒരു ഭാഗമായി കരുതപ്പെടുന്നില്ല. സംരക്ഷണത്തിനായി നല്കേണ്ട തുക, കോടതി ഉത്തരവുപ്രകാരമോ, കരാറനുസരിച്ചോ, വിൽപത്രപ്രകാരമോ നിശ്ചയിച്ചു് സ്വത്തിൽനിന്നു് ഈടാക്കേണ്ടതാണ്. ഹിന്ദുനിയമത്തിനു് കോടതികൾ നല്കിയിട്ടുള്ള വ്യാഖ്യാനപ്രകാരം, വിവാഹബന്ധത്തിനു വെളിയിൽ ക്രമവിരുദ്ധമായി ജനിച്ച സന്താനങ്ങൾ, 'അവരുദ്ധസ്ത്രീ' (സ്ഥിരമായും സ്വന്തമായും വച്ചുപുലർത്തുന്ന വെപ്പാട്ടി) എന്നിവർക്കും മരിച്ചുപോയ മാതാപിതാക്കന്മാരുടെയോ, ഭർത്താവിൻെറയോ സ്വത്തിൽനിന്നു സംരക്ഷണച്ചെലവു ലഭിക്കാൻ അവകാശമുണ്ട്.

ചാരിത്രശുദ്ധിയില്ലാത്ത ഭാര്യയുടെ സംരക്ഷണാവകാശം—അതു കോടതിഉത്തരവുപ്രകാരം നേടിയതായാൽതന്നെയും—നഷ്ടപ്പെടുന്നതാണ്. ഭർത്താവു് ഹിന്ദുമതം ഉപേക്ഷിച്ചതുകൊണ്ടു്

ഭാര്യയുടെ സംരക്ഷണാവകാശം നഷ്ടമാകുന്നില്ല. ഒരു വിധവയ്ക്കു്, സംരക്ഷണച്ചെലവു ലഭിക്കുന്നതിനുപുറമെ, അവർ ഭർത്താവിനോടൊത്തു താമസിച്ചിരുന്ന കുടുംബഗൃഹത്തിൽ താമസിക്കാനും അവകാശമുണ്ടു്.

## സംരക്ഷണം സംബന്ധിച്ച പുതിയ നിയമം

ദത്തെടുക്കലും സംരക്ഷണവും സംബന്ധിച്ച 1956-ലെ ആക്ററിൽ ഹിന്ദുക്കളുടെയിടയിലെ സംരക്ഷണം സംബന്ധിച്ച നിയമം ഏകോപിപ്പിച്ചു് കൂടുതൽ വ്യക്തവും പരിക്ലിപ്തവുമാക്കിയിരിക്കുന്നു. ഈ ആക്റ്റു്, മുൻനിയമത്തിൽനിന്നു് ചില കാര്യങ്ങളിൽ വ്യതിചലിച്ചിട്ടുണ്ടു്: അതായതു്, പുതിയ നിയമപ്രകാരം, ഒരാൾ മതം മാറി ഹിന്ദുവല്ലാതായിത്തീർന്നാലും, അയാൾക്കു സംരക്ഷണം അവകാശപ്പെടാവുന്നതാണു്. മറ്റൊന്നു്, സംരക്ഷണാവകാശം പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമായി നല്കിയിരിക്കുന്നു. ഈ ആക്ററനുസരിച്ചു് ഒരു ഭർത്താവിനോ, പ്രായപൂർത്തിയാകാത്ത പുത്രനോ, പുത്രിക്കോ, ഭാര്യയിൽനിന്നു് അല്ലെങ്കിൽ അമ്മയിൽനിന്നു് സംരക്ഷണച്ചെലവു് അവകാശപ്പെടാവുന്നതാണു്. ഒരു സ്ത്രീ സംരക്ഷണാവകാശത്തിനുവേണ്ടി കേസു കൊടുക്കുമ്പോൾ, അവർ സ്വന്തം കഴിവുകൊണ്ടോ, വിദ്യകൊണ്ടോ, പേരിലുള്ള സ്വത്തിൽനിന്നോ നേടുന്ന വരുമാനം കോടതി കണക്കിലെടുക്കേണ്ടതാണു്.

## പ്രധാന സ്വഭാവങ്ങൾ

ഈ ആക്ററനുസരിച്ചു് ഹിന്ദുനിയമപ്രകാരം സംരക്ഷണത്തിനു് അർഹരായവരെ അഞ്ചുതരമായി തിരിച്ചിരിക്കുന്നു: 1. ഭാര്യ 2. വിധവയായ പുത്രഭാര്യ 3. പ്രായപൂർത്തിയാകാത്ത സന്താനങ്ങൾ—വിവാഹബന്ധത്തിലോ അതിനു വെളിയിലോ ജനിച്ചവർ 4. വൃദ്ധരായ അച്ഛനമ്മമാർ 5. മററു് ആശ്രിതർ. ഓരോ തരക്കാർക്കും ബാധകമായ ചട്ടങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്.

ഒരു ഹിന്ദുഭാര്യയ്ക്കു് ഭർത്താവു ജീവിച്ചിരിക്കുന്ന കാലത്തു് ഭർത്താവിന്റെ സംരക്ഷണം ലഭിക്കാനവകാശമുണ്ടു്. എന്നാൽ ഈ അവകാശം രണ്ടു വ്യവസ്ഥകൾക്കു വിധേയമായിരിക്കും:

1. അവർ ചാരിത്രശുദ്ധി പാലിക്കുന്നവളായിരിക്കണം. 2. അവർ മതം മാറി ഹിന്ദുവല്ലാതായിത്തീന്നിട്ടില്ലായിരിക്കണം. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ, ഒരു ഹിന്ദുഭാര്യ ഭർത്താവിൽനിന്നകന്നു താമസിച്ചാലും അവൾക്ക് സംരക്ഷണാവകാശം നഷ്ടപ്പെടുന്നതല്ല. സാഹചര്യങ്ങൾ ഇവയാണ്:

1. ഭർത്താവ് കാരണംകൂടാതെ ഭാര്യയെ ഉപേക്ഷിച്ചുകളയുകയോ മനപ്പൂർവ്വം അവഗണിക്കുകയോ ചെയ്യുകയാണെങ്കിൽ;

2. ഭർത്താവിൻെറ കൂടെ താമസിക്കുന്നതു് ഹാനികരമാണെന്ന് ന്യായമായി ഭയപ്പാടുണ്ടാകത്തക്കവിധത്തിൽ അയാൾ ഭാര്യയോടു ക്രൂരമായി പെരുമാറിയിട്ടുണ്ടെങ്കിൽ ;

3. ഭർത്താവിനു് ഗുരുതരമായ കുഷ്ഠരോഗം ബാധിച്ചിട്ടുണ്ടെങ്കിൽ ;

4. അയാൾക്കു് മറേറതെങ്കിലും ഭാര്യ ജീവിച്ചിരിപ്പുണ്ടെങ്കിൽ ;

5, അയാൾ, ഭാര്യ താമസിക്കുന്ന ഗൃഹത്തിൽതന്നെ, വെപ്പാട്ടിയെ വച്ചു പുലർത്തുകയോ, മറെറവിടെയെങ്കിലും വെപ്പാട്ടിയോടൊത്തു് പതിവായി താമസിക്കുകയോ ചെയ്യുകയാണെങ്കിൽ ;

6. അയാൾ മതംമാറി ഹിന്ദുവല്ലാതായിത്തീന്നിട്ടുണ്ടെങ്കിൽ;

7. ഭാര്യ മാറിത്താമസിക്കുന്നതിനെ ന്യായീകരിക്കത്തക്ക മറേറതെങ്കിലും കാരണമുണ്ടെങ്കിൽ.

ഭർത്താവിൻെറ മരണശേഷം, ഒരു ഹിന്ദുഭാര്യയ്ക്കു്, ഭർത്താവിൻെറ അച്ഛനിൽനിന്നു് സംരക്ഷണച്ചെലവ് അവകാശപ്പെടാവുന്നതാണ്. ഈ അവകാശം രണ്ടു വ്യവസ്ഥകൾക്കു് വിധേയമായിരിക്കും :

1, സ്വന്തം വരുമാനംകൊണ്ടോ മററു സ്വത്തുകൊണ്ടോ സ്വയം കാലയാപനം നടത്താൻ അവൾക്ക് കഴിവില്ലായിരിക്കണം.

2. അവൾക്കു സ്വന്തം സ്വത്തുണ്ടായിരിക്കരുതു്. കൂടാതെ, ഭർത്താവിൻെറയോ, അച്ഛൻെറയോ, അമ്മയുടെയോ, മകൻെറയോ മകളുടെയോ സ്വത്തിൽനിന്നു് സംരക്ഷണത്തിനുള്ള വക ലഭി

ക്കാൻ നിവൃത്തിയില്ലായിരിക്കണം. കൂട്ടവകാശസ്വത്ത് ഇല്ലാതിരിക്കുകയോ, വിധവ വീണ്ടും വിവാഹത്തിൽ ഏർപ്പെടുകയോ ചെയ്യുന്ന അവസ്ഥയിൽ, ഭർത്താവിൻെറ അച്ഛൻ സംരക്ഷിക്കണമെന്നുള്ള അവകാശം നടപ്പാക്കാൻ നിവ്വാഹമില്ല.

ഈ നിയമപ്രകാരം ഒരു ഹിന്ദുവിനു് തൻെറ ജീവിതകാലത്തു് സ്വന്തം കുട്ടികളെ—വിവാഹബന്ധത്തിനുള്ളിലോ വിവാഹബന്ധത്തിനു വെളിയിലോ ജനിച്ച കുട്ടികൾ—സംരക്ഷിക്കുവാനുള്ള കടമയുണ്ടു്. വിവാഹബന്ധത്തിൽനിന്നോ അങ്ങിനെയല്ലാതെയോ ജനിച്ച ഒരു കുട്ടിക്കു്, പ്രായപൂർത്തിയാകുന്നതുവരെ, തൻെറ അച്ഛൻെറയോ അമ്മയുടെയോ ചെലവിൽ സംരക്ഷിക്കപ്പെടാൻ അവകാശമുണ്ടു്. പെൺകുട്ടിയാണെങ്കിൽ വിവാഹം കഴിക്കുന്നതുവരെ സംരക്ഷണം അവകാശപ്പെടാം. അതുപോലെ തന്നെ പ്രായം ചെന്നവരോ ബലഹീനരോ ആയ മാതാപിതാക്കൾക്കു് സംരക്ഷണം നല്കാനും വ്യവസ്ഥയുണ്ടു്.—അവക്കു് സ്വന്തം വരുമാനംകൊണ്ടോ ഏതെങ്കിലും സ്വത്തിൽനിന്നുള്ള വരുമാനം കൊണ്ടോ ജീവിക്കാൻ നിവൃത്തിയില്ലാത്തപ്പോൾ.

## സംരക്ഷിക്കപ്പെടേണ്ട ആശ്രിതർ

മരണമടഞ്ഞ ഒരു ഹിന്ദുവിൻെറ സംരക്ഷിക്കപ്പെടേണ്ടവരായ ആശ്രിതർ, ഈ നിയമപ്രകാരം, താഴെപ്പറയുന്നവരാണു്:

1. അച്ഛൻ
2. അമ്മ
3. വിധവ (വീണ്ടും വിവാഹം ചെയ്യാത്ത കാലത്തോളം.)
4. പ്രായപൂർത്തിയാകാത്ത പുത്രൻ
5. നേരത്തെ മരിച്ചുപോയ പുത്രൻ്റെ, പ്രായപൂർത്തിയാകാത്ത പുത്രൻ.
6. നേരത്തെ മരിച്ചുപോയ പുത്രൻ്റെ പുത്രനും മരിച്ചു പോയെങ്കിൽ അയാളുടെ പ്രായപൂർത്തിയാകാത്ത പുത്രൻ.
7. അവിവാഹിതയായ പുത്രി.
8. മരിച്ചുപോയ പുത്രൻെറ അവിവാഹിതയായ പുത്രി.

9. മരിച്ചുപോയ പുത്രൻെറ പുത്രനും മരിച്ചുപോയെങ്കിൽ അയാളുടെ അവിവാഹിതയായ പുത്രി.

10. വിധവയായ പുത്രി.

11. മരിച്ചുപോയ പുത്രൻെറ വിധവ—വീണ്ടും വിവാഹം ചെയ്യാത്ത കാലത്തോളം.

12. മരിച്ചുപോയ പുത്രൻെറ പുത്രൻെറ വിധവ (വീണ്ടും വിവാഹം ചെയ്യാത്ത കാലത്തോളം.)

13. വിവാഹബന്ധത്തിൽ നിന്നല്ലാതെ ജനിച്ച, പ്രായപൂത്തിയാകാത്ത പുത്രൻ.

14. വിവാഹബന്ധത്തിൽ നിന്നല്ലാതെ ജനിച്ച പുത്രി. (വിവാഹം ചെയ്യാത്ത കാലത്തോളം)

ഈ ആശ്രിതക്ക്, മരിച്ചുപോയ ഹിന്ദുവിൻെറ വിൽപത്രപ്രകാരം ഒന്നും ലഭിച്ചിട്ടില്ലാത്തപക്ഷം, പരേതൻെറ സ്വത്തിൽ നിന്നു സംരക്ഷണത്തിനുള്ള വക ലഭിക്കാൻ അവക്കവകാശമുണ്ടായിരിക്കും. മരിച്ചുപോയ ആളിന്റെ സ്വത്തിനവകാശിയായി തീരുന്ന ആൾ തൻെറ പങ്കിന്റെ അനുപാതമനുസരിച്ച് ആശ്രിതരുടെ സംരക്ഷണത്തിനുള്ള വക നൽകാൻ ബാദ്ധ്യസ്ഥനായിരിക്കും. അല്ലെങ്കിൽ ബാദ്ധ്യസ്ഥയായിരിക്കും.

സംരക്ഷണത്തിന്റെ തോതും, സംരക്ഷണച്ചെലവിനു നല്കേണ്ട തുകയും നിശ്ചയിക്കുന്നതു കോടതിയായിരിക്കും. തുക നിശ്ചയിക്കുമ്പോൾ, കക്ഷികളുടെ സ്ഥിതി, അവകാശപ്പെടുന്നയാളുടെ ന്യായമായ ആവശ്യങ്ങൾ, വസ്തുവിൽനിന്നോ, സമ്പാദ്യത്തിൽനിന്നോ ഉള്ള വരുമാനം, സംരക്ഷണത്തിനർഹരായവരുടെ എണ്ണം മുതലായ കാര്യങ്ങൾ കോടതി പരിഗണിക്കേണ്ടതുണ്ട്. ഓരോ കേസിൻെറയും പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് സംരക്ഷണത്തിനുള്ള തുക നിശ്ചയിക്കേണ്ടതാണ്.

കോടതിയുടെ ഉത്തരവുപ്രകാരമോ, പരസ്പരസമ്മതപ്രകാരമോ നിശ്ചയിച്ച തുക, ന്യായമായ കാരണങ്ങളുണ്ടെങ്കിൽ പിന്നീട്ടു മാററാവുന്നതാണ്. സംരക്ഷണാവകാശം, സ്വത്തിന്മേലുള്ള അവകാശമായി പരിഗണിച്ച് അതിനായി സ്വത്തിൻെറ ഒരു പങ്ക് വാങ്ങുവാനും വ്യവസ്ഥയുണ്ട്.

## അദ്ധ്യായം 6

# ഉപസംഹാരം

കഴിഞ്ഞ അദ്ധ്യായങ്ങളിൽ വിവരിച്ചതുപോലെ, ഹിന്ദു കോഡ് എന്നറിയപ്പെടുന്ന നാലു നിയമങ്ങൾ, ഹിന്ദു നിയമത്തിൽ ദൂരവ്യാപകമായ മാററങ്ങൾ വരുത്തിത്തീർത്തിട്ടുണ്ട്. പണ്ടത്തെ ഹിന്ദുനിയമം ഭേദഗതി ചെയ്തു രൂപാന്തരപ്പെടുത്തിയിരിക്കുന്നു. ആധുനിക ജീവിതത്തിൻെറ ദ്രുതഗതിയിലുള്ള ചലനത്തിനനുയോജ്യമായ വിധത്തിൽ അതിനു രൂപം നല്കിയിരിക്കുന്നു. ഈ നിയമങ്ങളുടെ ഫലമായി ചില വൈരുദ്ധ്യങ്ങൾ നീക്കുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യാൻ കഴിഞ്ഞു. പ്രാചീന നിയമം പുരുഷന്മാക്കു കൂടുതൽ അവകാശങ്ങൾ നല്കിയിരുന്നു. ഇപ്പോഴാകട്ടെ പല കാര്യങ്ങളിലും പുരുഷനും സ്ത്രീക്കും തുല്യാവകാശങ്ങൾ നല്കിയിരിക്കുന്നു. മരണശാസനം കൂടാതെ മരിക്കുന്നവരുടെ സ്വത്തിന് പുരുഷൻവഴിയിലുള്ള അകന്ന ചാർച്ചക്കാർ (Agnates) അവകാശികളാകുന്ന പഴയ പതിവിനുപകരം, സ്വാഭാവികമായി സ്നേഹവും വാത്സല്യവുമുള്ള ശേഷക്കാരെ അവകാശികളാക്കിയിരിക്കുന്നു. വൈവാഹിക അവകാശങ്ങളെ സംബന്ധിച്ചും സ്ത്രീപുരുഷന്മാക്ക് തുല്യസ്ഥാനം നല്കിയിട്ടുണ്ട്. ചില പരിമിതികൾക്കു വിധേയമായി, ഹിന്ദുക്കൾക്ക് വിവാഹമോചനത്തിനുള്ള അവകാശവും നല്കിയിരിക്കുന്നു.

ഇതിനോടു ബന്ധപ്പെട്ട മറെറാരു നിയമനിർമ്മാണത്തെക്കുറിച്ചും പറയേണ്ടതുണ്ട്. വിവാഹംനടത്തുന്ന സന്ദർഭത്തിൽ സ്ത്രീധനം ആവശ്യപ്പെടുകയും കൊടുക്കുകയും ചെയ്യുന്ന അനാചാരം അവസാനിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണമാണിതു്. 1961-ൽ പാർലമെൻറ് സ്ത്രീധന നിരോധന നിയമം പാസ്സാക്കി. 1961-മെയ് 20 മുതൽ അതു പ്രാബല്യത്തിൽ വന്നു. ഹിന്ദുക്കളുൾപ്പടെ എല്ലാ സമുദായക്കാക്കും പൊതുവെ ബാധകമായ നിയമമാണിതു്. ഇതനുസ

13316

രിച്ചു് വധുവിനോ വരനോ പ്രതിപ്രലമായി സ്ത്രീധനം നല്കുന്ന ഏ ർപ്പാട്ട നിരോധിച്ചിരിക്കുന്നു. വിവാഹത്തിനുള്ള പ്രതിഫലമായി, വിവാഹയമമയത്തോ, അതിനുമുമ്പോ, പിമ്പോ, വിവാഹത്തിന്റെ കക്ഷികളിൽ ഒരാളോ മറേറതെങ്കിലും വ്യക്തിയോ നല്കുകയോ. നല്കാൻ സമ്മതിക്കുകയോ ചെയ്യുന്ന എന്തെങ്കിലും സ്വത്തോ വില മതിക്കാവുന്ന വസ്തുവോ ആണു് സ്ത്രീധനം എന്നതുകൊണ്ടർത്ഥമാക്കുന്നതു്. വിവാഹസമയത്തു സമ്മാനമായി നല്കുന്ന പണം, ആഭരണം, വസ്ത്രം മുതലായവ സ്ത്രീധനമായി കണക്കാക്കുന്നതല്ല.

ഹിന്ദുനിയമ പരിഷ്കാരം നാട്ടിലെ പുതിയ ചൈതന്യത്തിന്റെ ചിഹ്നമാണു്. നിയമം ചിട്ടപ്പെടുത്തിയതുനിമിത്തം മുമ്പുണ്ടായിരുന്ന കുഴപ്പവും അനിശ്ചിതത്വവും മിക്കവാറും ഇല്ലാതാക്കിയിരിക്കുന്നു. ഇപ്പോൾ ഹിന്ദുനിയമം ലളിതവും, വ്യക്തവും അസന്ദിഗ്ദ്ധവുമാണു്.

PC Library & Research Center

പബ്ളിക്കേഷൻസ് ഡിവിഷൻ
വാർത്താവിതരണ–പ്രക്ഷേപണവകുപ്പ്
ഭാരത ഗവർമ്മെൻറ്.

# ഹിന്ദുനിയമ പരിഷ്കാരം

ഒരു ലഘുവിവരണം

349.54

പബ്ളിക്കേഷൻസ് ഡിവിഷൻ

Indic Digital Archive Foundation
gpura.org